# സുവർണ്ണ ജൂബിലി

## ആശംസകൾ



### റവ. ഫാ ജോർജ് മമ്പള്ളി

ബഹു. ജോർജ് മമ്പള്ളി അച്ചൻ 1938 മാർച്ച് 7 ന് പാലാ രൂപതയിൽപ്പെട്ട കടുത്തുരുത്തി ഇടവകയിൽ മമ്പള്ളി ഔസേപ്പ് – റോസമ്മ ദമ്പതികളുടെ എട്ടുമക്കളിൽ ഏഴാമത്തെ മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കടുത്തുരിത്തി ഗവൺമെന്റ് സ്കൂളിലും, ഹൈസ്കൂൾ വിദ്യാഭ്യാസം സെന്റ് മൈക്കിൾസ് ഹൈസ്കൂൾ കടുത്തുരുത്തിയിലുമായിരുന്നു.

ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കുശേഷം 1967 മാർച്ച് 13 ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് കാരയ്ക്കാമല അസി. വികാരിയായും മാലോം, കൊന്നക്കാട്. കുറുമണി, വിളമ്പുകണ്ടം, കല്ലുവയൽ, ചുണ്ടക്കര, പറളിക്കുന്ന്, നടവയൽ, പയ്യംമ്പള്ളി, പടമല, പാടിച്ചിറ, കൊട്ടിയൂർ, കയ്യൂന്നി, ബത്തേരി, കല്ലോടി എന്നിവിടങ്ങളിൽ വികാരിയായും സ്തുത്യർഹമാം വിധം സേവനം അനുഷ്ഠിച്ചു. 2014 മെയ് 17 മുതൽ ദ്വാരകയിലുള്ള വിയാനി ഭവനിൽ വിശ്രമജീവിതം നയിക്കുന്നു.

ഇടയന് ആടിന്റെ ഗന്ധമുണ്ടാകണം എന്ന ഫ്രാൻസീസ് പാപ്പ യുടെ വാക്കുകൾ സ്വന്തം ജീവിതത്തിൽ സ്വന്തമാക്കിയ ബഹു. മമ്പള്ളി യച്ചൻ സേവനത്തിന് സ്ഥലകാല പരിമിതികളില്ലാത്ത ഊർജ്ജസ്വലത യുടെ പര്യായമാണ്. കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാ ക്കൾക്കും വൃദ്ധർക്കും ഒരുപോലെ സേവനത്തിന്റെ അസ്തമിക്കാത്ത പ്രഭ നൽകിയ ഇടയനാണ് അച്ചൻ. പടമല, മൂലങ്കാവ് തുടങ്ങിയ ഇടവക കളുടെയും വാളേരി സ്വതന്ത്ര കുരിശുപള്ളിയുടെയും സ്ഥാപനത്തിനും മുൻകൈ എടുത്തത് അച്ചനാണ്. അച്ചൻ സേവനം ചെയ്ത ഇടവക കളിൽ പള്ളികളും പള്ളിമുറികളും സൺഡേസ്കൂളുകളും തുടങ്ങി ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുവാനും അച്ചൻ പ്രത്യേകം ശ്രദ്ധാലുവായിരുന്നു. ദീർഘകാലം ഏ.കെ.സി.സി യുടെ ഡയറക്ട റായും ദീപിക ദിനപത്രത്തിന്റെ രൂപതാ കോ-ഓഡിനേറ്ററായും സേവനം ചെയ്ത അച്ചൻ എന്നും അൽമായരുടെ ശാക്തീകരണത്തിൽ ഏറെ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. അച്ചൻ സേവനം ചെയ്ത പ്രദേശങ്ങളി ലെല്ലാം ആ നാടിന്റെ സർവ്വതോന്മുഖമായ വികസനത്തിനായി അച്ചൻ കഠിനാദ്ധ്വാനം ചെയ്തു.

മലകളും കാടുകളും മറ്റ് പ്രതിബന്ധങ്ങളും അജപാലന വീഥി യിൽ തടസ്സങ്ങൾ സൃഷ്ടിച്ചപ്പോഴും അജഗണങ്ങൾക്കുവേണ്ടി വിയർപ്പൊഴുക്കുവാൻ തെല്ലും മടികാണിക്കാത്ത വൈദികനാണ് ബഹു. മമ്പള്ളിയച്ചൻ. നല്ലൊരു സംഘാടകനായ അച്ചന്റെ സേവനം ഇടവക ക്കാർക്കു മാത്രമല്ല, നാനാജാതി മതസ്ഥർക്കും, പ്രത്യേകിച്ച് കർഷ കർക്കും വലിയ ഒരു അനുഗ്രഹമായി തുടരുന്നു.

എന്നും അധികാരികളോട് സ്നേഹവും വിധേയത്വവും പുലർത്തുന്ന അച്ചന്റെ ജീവിതവും കണക്കുകൾ കൈകാര്യം ചെയ്യു ന്നതിലെ കൃത്യതയും സംഘാടന മികവും തീരുമാനങ്ങൾ നടപ്പിലാ ക്കുന്നതിലെ പ്രത്യേക വൈദഗ്ധ്യവും സംഘടനകളോടുള്ള താല്പര്യവും ദീർഘ വീക്ഷണവും പ്രതിസന്ധികളെ തരണം ചെയ്യാ നുള്ള അസാമാന്യ കഴിവും വൈദികർക്കുമാത്രമല്ല നേതൃനിരയിലുള്ള എല്ലാവർക്കും പ്രചോദനമാണ്.

പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി നിറവിലായിരിക്കുന്ന അച്ചന് രൂപതാകുടുംബത്തിന്റെ സുവർണ്ണ ജൂബിലി ആശംസകളും ധാരാളം ദൈവാനുഗ്രഹവും നേരുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 07 ഏപ്രിൽ–2016 ലക്കം 4**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................................................ 07
മെയ്ദിന സന്ദേശം ........................................................ 11
മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ ..................... 18
*Letter from the Prefect of the Oriental Congregation regarding the Good Friday Collection addressed to the Major Archbishop, George Cardinal Alenchery.* ........................... 22
അറിയിപ്പ് ........................................................................ 24
വാളേരി കുരിശുപള്ളിയെ സ്വതന്ത്ര കുരിശു പള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി ................ 28
രൂപതാകച്ചേരി വാർത്തകൾ ..................................... 32
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ........................ 34
വൈദിക സമ്മേളനം റിപ്പോർട്ട് ............................. 36
വൈദികരുടെ മാസധ്യാനം .................................... 39
ബൈബിൾ അപ്പോസ്തലേറ്റ് .................................... 39
മതബോധനരംഗം ..................................................... 40
ചെറുപുഷ്പമിഷൻലീഗ് ............................................... 59
*Department of Youth Ministry* ........................................... 63
കെ.സി.വൈ.എം. .......................................................... 64
കുടുംബപ്രേഷിതത്വം .................................................. 67
വിമൻസ് കമ്മീഷൻ .................................................. 70
സീയോൻ വാർത്തകൾ ............................................... 71
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 73
സാമൂഹ്യ സേവനരംഗം (WSSS) ................................... 80
ബയോവിൻ അഗ്രോ റിസർച്ച് .................................... 84
റേഡിയോ മാറ്റൊലി .................................................. 87
മീഡിയാ കമ്മീഷൻ .................................................. 89
*Mary Matha Arts* ....................................................... 90
കത്തോലിക്കാ കോൺഗ്രസ് ....................................... 91
അറിയിപ്പുകൾ ........................................................... 93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 95
ബിഷപ്സ് പ്രോഗ്രാം ................................................... 96

Ref: 2925/K 35/OL/KCBC/DS

# 53-ാം ലോകദൈവവിളി പ്രാർത്ഥനാദിനം

**17 ഏപ്രിൽ 2016**

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*സഭാബോധമുണർത്തുന്ന കടാക്ഷം*

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ആഗോള കത്തോലിക്കാസഭ 2016 ഏപ്രിൽ 17-ാം തീയതി ദൈവവിളി പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആഗോളകത്തോലിക്കാസഭയ്ക്കു നൽകുന്ന ദൈവവിളി പ്രാർത്ഥനാദിന സന്ദേശത്തിലെ രണ്ടു പ്രധാന ചിന്തകൾ കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നമ്മൾ ധ്യാനവിഷയമാക്കേണ്ടതുതന്നെ യാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം ധ്യാനിച്ചുകൊണ്ടിരുന്ന ദൈവവിളിയുടെ ഉറവിടത്തെക്കുറിച്ച് പരിശുദ്ധ പിതാവ് വ്യക്തത വരുത്തുന്നുണ്ട്. ക്രൈസ്തവ ദൈവവിളി ദൈവജനത്തിനുള്ളിൽ നിന്നുമാണ് ജനിക്കുന്നതെന്നും അത് ദൈവിക കാരുണ്യത്തിന്റെ ഒരു ദാനമാണെന്നും സകലരും തിരിച്ചറിയുമെന്നും പിതാവ് പ്രത്യാശിക്കുന്നു. വിശുദ്ധ മത്തായിയെ തിരഞ്ഞെടുത്തതുപോലെ കാരുണ്യത്തോടെ നോക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന കർത്താവിന്റെ കരുണാർദ്രമായ പ്രവർത്തനമാണ് പാപങ്ങൾ ക്ഷമിച്ച് ശിഷ്യത്വത്തിലേക്കും പ്രേഷിതത്വത്തിലേക്കും നമുക്ക് വാതിൽ തുറക്കുന്നത്. അതുകൊണ്ടുതന്നെ പിതാവ് നിസ്സംശയം വ്യക്തമാക്കുന്നു; സഭയിലെ ഓരോ ദൈവവിളിയുടെയും ഉത്പത്തി യേശുവിന്റെ അനുകമ്പ നിറഞ്ഞ കടാക്ഷത്തിലാണ്.

കരുണാർദ്ര കടാക്ഷം ഒരു വ്യക്തിയെ വിളിക്കുന്നത് സഭയുടെ കൂട്ടായ്മയിലേയ്ക്കാണ്. സഭയിൽ വിശ്വസിക്കുക എന്നത് നമ്മുടെ പ്രമാണങ്ങളിൽ ഒന്നാണ്. സഭയുടെ ഭാഗമാകുന്നതിന് ദൈവം നമ്മെ

വിളിക്കുകയും ആ സഭയിൽ നാം നിശ്ചിത പക്വത ആർജ്ജിച്ചു കഴിയുമ്പോൾ അവിടുന്ന് നമ്മുടെമേൽ നിർദ്ദിഷ്ട വിളി ചൊരിയുകയും ചെയ്യുന്നു എന്നിങ്ങനെ പിതാവ് വ്യക്തമാക്കുന്നു.

സഭയിൽ ജനിച്ച് പക്വത പ്രാപിക്കുന്ന ഈ വിളി ഒരു കൂട്ടുവിളിയാണ്. ഈ തിരിച്ചറിവ് കത്തോലിക്കാ ദർശനത്തിലേയ്ക്കും സഭാബോധത്തിലേയ്ക്കും നമ്മെ കൈ പിടിക്കുന്നു. ഒരാളും ഒരു പ്രത്യേക പ്രദേശത്തിനു മാത്രമായോ ഒരു സംഘത്തിനോ സഭാത്മക പ്രസ്ഥാനത്തിനോ മാത്രമായോ വിളിക്കപ്പെടുന്നില്ല, മറിച്ച് സഭയ്ക്കും ലോകത്തിനും വേണ്ടിയാണ് വിളിക്കപ്പെടുന്നത്. ചരിത്രപരമായി പ്രാദേശികമായി ഉടലെടുക്കുന്നുവെങ്കിലും ആഗോള സഭയുടെ ചൈതന്യത്തിലേക്ക് വളരുവാനുള്ളതാണ് ഓരോ ദൈവവിളിയും.

ഓരോ ദൈവവിളിയും പ്രകടമാകുന്ന നിമിഷം മുതൽ മതിയായ ഒരു സഭാബോധം അതിന് ഉണ്ടാകേണ്ടതുണ്ട്. ഓരോ സിദ്ധിയുടെയും ആധികാരികത ഉറപ്പിക്കുന്ന വ്യക്തമായ അടയാളവും ഈ സഭാത്മകതയാണെന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു.

ദൈവവിളിയോട് പ്രത്യുത്തരിക്കുമ്പോൾ നമ്മുടെ സഭാത്മക ചക്രവാളം വികസിക്കുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ചരിത്രപരമായിത്തന്നെ ഈ ആഗോള സഭാത്മക ചക്രവാളം നാം തിരിച്ചറിഞ്ഞിട്ടുള്ളതാണ്. എന്റെ ഇടവക, എന്റെ പ്രദേശം, എന്റെ രൂപത, എന്റെ സമൂഹം എന്നതിനൊക്കെ അപ്പുറം സഭയുടെ ചലനാത്മകതയുടെ ഭാഗമായി ധാരാളം ദൈവവിളികളെ മിഷനറിമാരായി സമ്മാനിക്കുവാൻ കേരള മണ്ണിന് സാധിച്ചിട്ടുണ്ട്. ഇതാണ് സഭാചൈതന്യം.

ഈ ചൈതന്യം വളരുന്നത് സഭയ്ക്കുള്ളിൽ തന്നെയാണ്. തുടക്കത്തിൽ നമുക്കെല്ലാവർക്കുമുള്ള പരിമിതമായ കാഴ്ചപ്പാടുകൾ മറികടന്ന് വിവിധ ദൈവവിളികൾക്കായുള്ള അർത്ഥികളും അർത്ഥിനികളും തങ്ങളുടെ പരിശീലനകാലത്ത് സഭാസമൂഹത്തെക്കുറിച്ചുള്ള അറിവിൽ വളരേണ്ടതുണ്ട്. ഈ വളർച്ച സഭയോടുള്ള നീതിയും സകല ജനങ്ങളോടുമുള്ള കരുണയുമാണ്. നാം ശീലിച്ച പരിധികൾക്കപ്പുറത്തേ ദൈവസാന്നിദ്ധ്യത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ദൈവവിളി. കർത്താവിന് തന്റെ ജീവിതം സമർപ്പിച്ച ഒരാൾ സഭക്ക് ആവശ്യമുള്ളിടത്തെല്ലാം അവിടുത്തെ ശുശ്രൂഷിക്കാൻ തയ്യാറാണ് എന്നിങ്ങനെ പൗലോസിന്റെയും ബർണ്ണബാസിന്റെയും വിളികളെ ഓർമ്മപ്പെടുത്തിക്കൊണ്ട് പരിശുദ്ധ പിതാവ് അസന്നിഗ്ദ്ധം പ്രഖ്യാപിച്ചു.

ഈ ഒരു ദൗത്യം മനസ്സിലാക്കുവാൻ പരിശുദ്ധ പിതാവ് എല്ലാ വിശ്വാസികളെയും ഉദ്ബോധിപ്പിക്കുന്നു. ദൈവവിളികളുടെ സഭാത്മക ചലനാത്മകത മനസ്സിലാക്കാൻ എല്ലാ വിശ്വാസികളും വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയിൽ വിശ്വാസക്കൂട്ടായ്മകൾക്ക് പരിശുദ്ധാത്മാവിന്റെ ദാനം സ്വാഗതം ചെയ്യുന്ന ഒരു അമ്മയുടെ ഉദരം ആകുവാൻ കഴിയും. ദൈവവിളി സ്വീകരിച്ച് സഭാസേവനത്തിനായി പോയിരിക്കുന്ന സഹോദരങ്ങളെ താങ്ങി നിറുത്തേണ്ടതും അവർക്ക് ധൈര്യം നൽകുന്ന ആദ്ധ്യാത്മിക മാതൃത്വവും പിതൃത്വവുമൊക്കെ ശക്തിപ്പേടേണ്ടതും ഇന്നിന്റെ ആവശ്യം കൂടിയാണ്.

കൂട്ടായ്മയുടെ ഒരു മാദ്ധ്യസ്ഥതവഴിയാണ് ദൈവത്തിന്റെ വിളി നമ്മിലേക്കു വരുന്നത്. അതുകൊണ്ടുതന്നെ ദൈവവിളികൾക്കുവേണ്ടി നിതാന്തമായി നാം പ്രാർത്ഥിക്കേണ്ടതുണ്ട്. സഭയുടെ ഈ കൂട്ടായ്മയിലാണ് ദൈവവിളികൾ ജനിക്കുന്നത്. ഇവിടെയാണ് അവ വളരുന്നത്. ഇവിടെയാണ് അവ നിലനിർത്തപ്പെടുന്നത്. സർവ്വദാ പ്രചോദാത്മകവും പ്രോത്സാഹനജനകവുമായ ഒരു സഹകരണവും സഹായവുമാണ് ദൈവവിളികൾ ജനിക്കുവാനും വളരുവാനും നിലനിൽക്കുവാനും ദൈവജനം ചെയ്യേണ്ടത്. ദൈവം വിളിക്കുന്ന സേവനമേഖലകളിലേക്കും പ്രദേശങ്ങളിലേക്കും ഇറങ്ങിപുറപ്പെടുവാൻ നാം അർത്ഥികളെയും അർത്ഥിനികളെയും ശക്തരാക്കേണ്ടതുണ്ട്. ചരിത്രപരമായ പ്രത്യേകതകൾ ഉൾക്കൊണ്ടുതന്നെ ആഗോള സഭയുടെ ചലനാത്മകതയിലേക്കു വളരുവാൻ യുവജനങ്ങളെ പഠിപ്പിക്കുക എന്നത് എല്ലാവരുടെയും കടമയുമാണ്.

കർത്താവിന്റെ കരുണാർദ്രമായ നോട്ടത്തിലാണ് ദൈവവിളി പ്രചോദനങ്ങൾ ഉണരുന്നത്. ആ വിളിയുടെ ശബ്ദത്തെയാണ് ദൈവവിളികൾ അനുധാവനം ചെയ്യേണ്ടത്. അതുകൊണ്ടുതന്നെ കേരളസഭയിൽ ദൈവവിളിയുടെ കൂടുതൽ ശക്തമായ തിരിച്ചറിവുകളും അനുധാവനങ്ങളും ഉണ്ടാകുവാൻ ചില നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1. എല്ലാ കുടുംബങ്ങളിലുംനിന്ന് കർത്താവിന്റെ കരുണാർദ്ര കടാക്ഷത്താൽ ദൈവവിളികൾ പിറവിയെടുക്കാൻ സന്ധ്യാപ്രാർത്ഥനകളിൽ ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക.
2. ദൈവവിളികളെ മനസ്സിലാക്കുവാനും ധ്യാനിക്കുവാനും കൂടുതൽ പഠനശിബിരങ്ങൾ രൂപതാ തലത്തിൽ സംഘടിപ്പിക്കുക
3. പ്രേഷിതമേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക, കഴിയുംവിധത്തിൽ അവരെ സഹായിക്കുക.

4. കുട്ടികൾക്കും യുവജനങ്ങൾക്കും വൈദികരുടേയും സന്യസ്തരുടേയും സാധാരണജീവിതം അനുഭവിച്ചറിയുവാൻ അവരുടെ ആവൃതി ജീവിതങ്ങൾ പങ്കുവയ്ക്കുക.
5. രൂപതാ അജപാലനം കൂടുതൽ മനസ്സിലാക്കുവാൻ ഇടവക വൈദികരോടൊത്ത് കൂടുതൽ സമയം ചെലവഴിക്കുക.
6. മിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന പ്രേഷിതരെയും അവരുടെ കുടുംബങ്ങളെയും ആദരിക്കുകയും അവരുമായി സ്നേഹസംവാദങ്ങൾ നടത്തുകയും ചെയ്യുക.

ഓരോ ക്രൈസ്തവകൂട്ടായ്മയും ദൈവവിളിയുടെ ജന്മഗൃഹമാകട്ടെയെന്നും എല്ലാ സഭാമക്കളും ആഗോള സഭാബോധത്തിലേക്ക് വളരട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ട്,

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2016 ഏപ്രിൽ മാസം 17 -ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലേ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## കേരളകത്തോലിക്കാമെത്രാൻസമിതിയുടെ തൊഴിൽ കാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം– 2016

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനമായ മെയ് ഒന്നിന്റെ ആശംസകൾ നേരുന്നതോടൊപ്പം, തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ അനുഗ്രഹങ്ങൾ ധാരാളമായി എല്ലാ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ നിത്യജീവനിലുള്ള പ്രത്യാശയാണല്ലോ. നിത്യജീവൻ നേടുന്നതിനായി എന്തുചെയ്യണമെന്ന് യേശുക്രിസ്തു വ്യക്തമാക്കുന്ന രണ്ട് പ്രധാന സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്; നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണം എന്ന ചോദ്യവുമായി യേശുവിനെ പരീക്ഷിക്കുന്ന ധനികനായ യുവാവിന് നൽകുന്ന മറുപടിയാണിതിൽ ആദ്യത്തേത് (മത്തായി:19/16–21). ഭൗതീക സ്വത്തുക്കളെയും ഭൗമീക ജീവിതത്തെയും നിത്യജീവനെക്കാൾ വലുതായിക്കാണുന്ന മനുഷ്യരുടെ പ്രതീകമാണീ ചെറുപ്പക്കാരൻ. നിത്യജീവിതത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ അർഹതയും അതു നേടാനാകാതെ പോയവരുടെ അനർഹതയും വെളിപ്പെടുത്തുന്ന അന്ത്യവിധിയാണ് രണ്ടാമത്തേത് (മത്തായി :25/31–46). എനിക്ക് വിശന്നപ്പോൾ ആഹാരവും, ദാഹിച്ചപ്പോൾ വെള്ളവും, പരദേശിയപ്പോൾ സ്വഭവനത്തിൽ സ്വീകരണവും, നഗ്നനായിരുന്നപ്പോൾ വസ്ത്രവും, രോഗിയായിരുന്നപ്പോൾ ആശ്വാസവും, കാരാഗൃഹത്തിലായിരുന്നപ്പോൾ സാമിപ്യവും നൽകി എന്നതായിരുന്നു അർഹത. നിത്യജീവനിലേക്ക് പ്രവേശിച്ചവരും പ്രവേശിക്കാൻ പറ്റാത്തവരും ചോദിച്ചത് ഒരേ ചോദ്യം. അതിനുള്ള ഉത്തരമാണ് ഈ കാരുണ്യവർഷത്തിൽ കർത്താവ് വീണ്ടും നമ്മോട് പറയുന്നത്; ഈ ചെറിയവരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്.

3. വിശപ്പ് മനുഷ്യന്റെ അവശ്യവസ്തുക്കളുടെ പ്രതീകമാണ്, ദാഹമാകട്ടെ ആഗ്രഹങ്ങളും. പരദേശി പാർശ്വവൽക്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടുപോയവരുമാണ്. കാരാഗൃഹം സ്വാതന്ത്ര്യത്തിന്റെ നഷ്ടവും, നഗ്നത മാന്യതയുടെ തകർച്ചയും, രോഗം സഹോദരങ്ങളിൽ നിന്നും ലഭിക്കാതെ പോകുന്ന കരുതലും ആശ്വാസവുമാണ്. അതുകൊണ്ടാണ്

എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവനായിരിക്കുവിൻ (ലൂക്ക 6:36) എന്ന വചനം ആപ്തവാക്യമായി എടുത്ത് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഈ വർഷത്തെ മെയ് ദിനത്തിന്റെ പ്രധാന സന്ദേശവും ഇതുതന്നെയാണ്; നമുക്കും കരുണ ഉള്ളവരാകാം.

4.വ്യവസ്ഥകളില്ലാത്ത കാരുണ്യമാണു ദൈവത്തിന്റേത്. ദൈവകാരുണ്യാനുഭവം വ്യക്തികളിൽ മാത്രമല്ല, സമൂഹത്തിന്റെ സമസ്ത ഘടകങ്ങളിലും സംവിധാനങ്ങളിലും രൂഢമൂലമാകേണ്ടിയിരിക്കുന്നു. പട്ടിണി, ദാരിദ്ര്യം, ചൂഷണം, വിവേചനം, അഴിമതി, അനീതി തുടങ്ങി സമകാലിക സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ തിന്മകളും കാരുണ്യമില്ലാത്ത വ്യക്തികളുടേയും സാമൂഹിക ഘടനകളുടെയും സൃഷ്ടിയാണ്.

5.ലോകത്ത് ആകെയുള്ള ദരിദ്രരിൽ മൂന്നിലൊന്നു പേരും അധിവസിക്കുന്നത് ഇന്ത്യയിലാണെന്നാണു ലോകബാങ്കിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും പരാധീനതകളുടെയും നേർചിത്രം കേന്ദ്രസർക്കാർ ഈയിടെ പുറത്തിറക്കിയ സാമൂഹിക സാമ്പത്തീക ജാതി സെൻസസിന്റെ (2011) റിപ്പോർട്ട് വെളിവാക്കുന്നു. ആദ്യമായിട്ടാണ് വീടുവീടാന്തരം വിവരശേഖരണം നടത്തപ്പെട്ട ഒരു കുടുംബസ്ഥിതി വിവരക്കണക്കെടുപ്പ്

5. ഇന്ത്യയിൽ നടന്നത്. അതുകൊണ്ട് ഈ സെൻസസിന്റെ കണ്ടെത്തൽ യാഥാർത്ഥ്യത്തോട് കൂടുതൽ അടുത്ത് നിൽക്കുന്നുവെന്നു കാണാം. ഇതനുസരിച്ച് രാജ്യത്തെ എഴുപത്തിയഞ്ച് ശതമാനം കുടുംബങ്ങളുടെയും പ്രതിമാസ വരുമാനം അയ്യായിരം രൂപയിൽ താഴെ മാത്രമാണ്. കേരളത്തിലെ സ്ഥിതിവിശേഷവും ഒട്ടും മെച്ചപ്പെട്ടതല്ല. ഗ്രാമീണ ജനതയുടെ ദാരിദ്ര്യത്തെയും, ഭൗതീക ജീവിതാവസ്ഥയുടെ പരിമിതികളെയും പരാധീനതകളെയും സംബന്ധിച്ച് വിശദമായ വിശകലനം ഈ റിപ്പോർട്ടിൽ ഉണ്ട്.

6.അവകാശങ്ങളുടെ നിഷേധം, അവസരങ്ങളുടെ തുല്യതയില്ലായ്മ, വ്യക്തിപരമായ അലസത ഇവ മൂന്നുമാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ. ആദ്യത്തേത് രണ്ടും ഭരണകൂടവും പൊതുസമൂഹവും ഉറപ്പുവരുത്തേണ്ടവയും മൂന്നാമത്തേത് വ്യക്തി സ്വയം മാറ്റേണ്ടതുമാണ്. ആരാണ് ഇന്ത്യയിലെ ദരിദ്രർ എന്ന അന്വേഷണത്തിന്റെ ഉത്തരം എത്തിനിൽക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളിലാണ്. തൊഴിൽസംരക്ഷണം, നിയമപരിരക്ഷ,

സാമൂഹികസുരക്ഷ എന്നിവ സംലഭ്യമല്ലാത്ത തൊഴിലാളികളാണു അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ എന്നറിയപ്പെടുന്നത്. പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിച്ചിട്ടും രണ്ടററവും കൂട്ടിമുട്ടിക്കുവാൻ കഴിയാത്തവരാണിവർ. സ്വാഭാവികമായും ഇവർ സംഘടിച്ചു ശക്തരായിട്ടുമില്ല. അഞ്ചു ഏക്കർ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിടകർഷകർവരെ അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. ഇന്ത്യയിലെ തൊഴിലാളികളിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിതതൊഴിലാളികളാണെന്നും, ദേശീയ വരുമാനത്തിന്റെ അറുപത്തഞ്ച് ശതമാനവും ഇവരുടെ സംഭാവനയാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. നാൽപ്പത്തഞ്ച് കോടിവരുന്ന ഇവരാണ് യഥാർത്ഥ അദ്ധ്വാനശക്തിയെങ്കിലും അവകാശ നിഷേധവും, അവസര നിഷേധവുംവഴി ഇവർ കൂടുതൽ ദരിദ്രരാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗ്രാമീണ ഇന്ത്യയിലെ മൂന്നിൽ രണ്ട് ഭാഗം പേരും കൃഷി, മൽസ്യബന്ധനം, കന്നുകാലിവളർത്തൽ എന്നിവ വഴി പ്രാഥമിക മേഖലയിലാണു ഉപജീവനം കണ്ടെത്തുന്നത്. ഈ വർഷം ബജററിനു മുമ്പ് കേന്ദ്രസർക്കാർ പുറത്തിറക്കിയ സാമ്പത്തീക സർവ്വെ റിപ്പോർട്ടനുസരിച്ച് രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാനിരക്കു 7.6 ശതമാനമാണെങ്കിലും ബഹുഭൂരിപക്ഷത്തിന്റെ ജീവസന്ധാരണ മാർഗമായ പ്രാഥമിക മേഖലയുടെ വളർച്ച കേവലം 1.1 ശതമാനം മാത്രമാണ് എന്നാൽ കോർപ്പറേററുകളുടെ വളർച്ച 20 ശതമാനമാണ്. രാജ്യം കൈവരിക്കുന്ന വളർച്ചയും പുരോഗതിയും അടിസ്ഥാന ജനവിഭാഗമായ തൊഴിലാളികളിലേക്ക് എത്തിച്ചേരുന്നില്ല. ഇവ ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്നു എന്നാണ് സ്ഥിതിവിവര കണക്കുകൾ തെളിയിക്കുന്നത്. അതുപേലെതന്നെ രാജ്യത്തിന്റെ സാമ്പത്തീക വളർച്ചയുടെ അളവുകോലായി കോർപ്പറേററുകളുടെ വളർച്ച മാത്രം എടുത്താൽ മതിയോ എന്നതും ഉത്തരം കിട്ടേണ്ട ചോദ്യമാണ്.

8. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അസംഘടിത തൊഴിൽമേഖലയെ പരിഗണിക്കുന്നതായിട്ടുപോലും പ്രവൃത്തികളിൽ കാണുന്നില്ല. ബജറ്റവതരണങ്ങളിൽ ഇവിടുത്തെ ഈ ദരിദ്രവിഭാഗം അവഗണിക്കപ്പെടുന്നു. അവരുമായി ബജറ്റിനു മുമ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ചയും നടത്തുന്നതായി കാണുന്നുമില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും വൻകിട വ്യവസായികൾക്കും ശതകോടിക്കണക്കിന് ഇളവും പ്രോത്സാഹനവും നൽകുന്നു. ഇതിനായി ബജറ്റ് വിഹിതത്തിന്റെ നല്ലൊരു പങ്ക് മാറ്റിവെക്കുമ്പോൾ അസംഘടിത മേഖലക്ക്

കാര്യമായൊന്നും നീക്കിവെക്കുന്നില്ല. അഥവാ നീക്കിവെക്കപ്പെട്ട ചെറുവിഹിതം പോലും വിനിയോഗിക്കപ്പെടുന്നില്ല. പൊതുമേഖലാ ബാങ്കുകൾ അത്താഴപട്ടിണിക്കാരന്റെ വായ്പാകുടിശ്ശിക ഈടാക്കാൻ ജപ്തിയും ജയിലിലടയ്ക്കലും നടപ്പാക്കുമ്പോൾ വൻകിടക്കാർ വരുത്തിയിട്ടുള്ള കോടികൾ എഴുതിതള്ളുന്നു. ജനപ്രതിനിധികൾ തങ്ങളുടേയും, ഉദ്യോഗസ്ഥ വിഭാഗത്തിന്റെയും സേവന വേതന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുമ്പോൾ തുച്ഛമായ സാമൂഹിക പെൻഷനുകളും ക്ഷേമനിധി സഹായങ്ങളും നൽകാതിരിക്കുകയും, ഉണ്ടായിരുന്ന പദ്ധതികൾ പോലും വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. മാത്രമല്ല ഇവയെക്കുറിച്ച് ശ്രദ്ധയിൽ പെടുത്തിയാൽ പോലും നിയമസഭയിലോ പാർലമെന്റിലോ ഇത് ഉന്നയിക്കാൻ എം.എൽ.എ. മാരും എം.പി. മാരും തയ്യാറാകുന്നില്ലെന്നത് ഏറെ ഖേദകരമാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് വിശദമായ വിശകലനം നടത്തി മാത്രമേ തൊഴിലാളികൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാൻ പാടുള്ളൂ. അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷയും മനുഷ്യോചിതമായ ജീവിതസാഹചര്യവും ഉറപ്പുവരുത്തേണ്ടത് ഭരണാധികാരികളും വികസനത്തിന്റെ മുഖ്യ പങ്കു കൈപ്പററുന്നവരുമാണ്. ഭരണാധികാരികളുടെയും കക്ഷിരാഷ്ട്രീയ നേതൃത്വത്തിന്റെയും ഉദ്യോഗസ്ഥ വിഭാഗങ്ങളുടെയും നിരുത്തരവാദിത്വവും അഴിമതിയും പ്രതിബദ്ധതയില്ലായ്മയും തിരുത്തി അവരുടെ പ്രവൃത്തികൾ കൂടുതൽ കരുണാർദ്രമായി മാറേണ്ടതുണ്ട്.

9. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനുകൾക്കനുസരിച്ചാണു നമ്മുടെ രാജ്യത്തും തൊഴിൽ നിയമങ്ങൾ രൂപം കൊടുത്തിട്ടുള്ളത്. പാർലിമെന്റ് പാസ്സാക്കിയ തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കാനും നിരാകരിക്കാനും തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷയും നിഷേധിക്കാനുമുള്ള പ്രവണത അടുത്ത കാലത്ത് ശക്തമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാനും തിരുത്താനുമുള്ള ഫലപ്രദമായ നടപടികൾ ഒത്തൊരുമയോടെ കേന്ദ്ര ട്രേഡ്‌യൂണിയനുകളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. തൊഴിലാളി താത്പര്യങ്ങളേക്കാൾ ഉപരിയായ കക്ഷിരാഷ്ട്രീയ വിധേയത്തമാണു ഇന്നു തൊഴിലാളി യൂണിയനുകൾ നേരിടുന്ന ഏററവും വലിയ പ്രതിസന്ധി. തൊഴിൽ സേനയിലെ സിംഹഭാഗം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനു കേന്ദ്ര ട്രേഡ്‌യൂണിയനുകൾ നാളിതുവരെയായി ഗൗരവതരമായ സമീപനം സ്വീകരിച്ചിട്ടില്ലെന്ന കാര്യവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. കേന്ദ്ര ട്രേഡ്‌യൂണിയനുകൾ

രാഷ്ട്രീയ വിധേയത്വം പ്രകടിപ്പിക്കാനുള്ള മത്സരമൊഴിവാക്കി പാർശ്വവൽക്കരിക്കപ്പെട്ടുപോയ അസംഘടിതമേഖലയോട് പക്ഷം ചേരുമ്പോഴാണ് സാമൂഹ്യനീതി നടപ്പിലാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കുകയുള്ളൂ.

10. അസംഘടിത തൊഴിലാളികളുടെ പക്ഷം ചേർന്ന് തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, കുടുംബസുരക്ഷ, തൊഴിലിന്റേയും തൊഴിലാളികളുടേയും മഹത്വം എന്നിവയ്ക്കായി പ്രവർത്തിക്കുകയാണ് സഭാത്മകദൗത്യം ഏൽപിക്കപ്പെട്ടിരിക്കുന്ന തൊഴിൽകാര്യ കമ്മീഷന്റെ ഉത്തരവാദിത്വം.

11. തൊഴിലാളികളോട് നീതിപൂർവകമായ സമീപനം സഭയ്ക്കുള്ളിൽതന്നെ ഉണ്ടാകേണ്ടതുണ്ട്. സഭാസ്ഥാപനങ്ങളിലെ അദ്ധ്യാപകർ, നഴ്സുമാർ ഉൾപ്പടെയുള്ള ആശുപത്രി ജീവനക്കാർ, സാമൂഹികസേവന മേഖലയിലെ ജീവനക്കാർ എന്നിങ്ങനെയുള്ള എല്ലാ വിഭാഗം ജീവനക്കാരോടും സഭാശുശ്രൂഷകളിൽ ഏർപെട്ടിരിക്കുന്ന അല്മായരും അല്ലാത്തവരുമായ എല്ലാവരോടും കൂടുതൽ കരുണ കാണിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ പൊതുസമൂഹത്തിന്റേയും ഭരണരാഷ്ട്രീയ ഉദ്യോഗസ്ഥ വിഭാഗങ്ങളുടേതുമായ നിരുത്തരവാദത്വത്തിനെതിരെ പ്രതികരിക്കാനുള്ള ധാർമ്മിക ശക്തി ഉണ്ടാകുകയുള്ളൂ എന്ന് ഈ മേഖലകളിൽ നേതൃത്വം നൽകുന്നവരുടെ മനസ്സിലുണ്ടാകണം. ഫ്രാൻസീസ് പാപ്പ നിരന്തരം പറയുന്നതും പ്രവർത്തിക്കുന്നതും ഇതാണ്. പാപ്പായുടെ ആഹ്വാനങ്ങൾ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഉദ്ധരിക്കാൻ മാത്രമുള്ളതായി ചുരുങ്ങിപോകരുത്. കേരള കത്തോലിക്കാ സഭയിൽ രൂപതകളുടെയും സന്ന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും വേണ്ടി മെത്രാൻ സമിതി പീപ്പിൾ മാനേജ്മെന്റ് പോളിസി 2013, ഒക്ടോബറിൽ പുറത്തിറക്കിയിട്ടുണ്ട്. രാജ്യത്തെ നിയമങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാനത്തിലാണു ഈ നയം തയ്യാറാക്കിയിട്ടുള്ളത്. ഈ കാരുണ്യവർഷത്തിൽ തന്നെ എല്ലാ സ്ഥാപനങ്ങളിലും ഈ നയം നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽ കാര്യകമ്മീഷൻ നൽകാൻ തയ്യാറാണ്.

12. കെ.സി.ബി.സി. ലേബർ കമ്മീഷന്റെ ഔദ്യോഗിക സാമൂഹിക സന്നദ്ധ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (കെ. എൽ. എം.).

സി. ബി. സി. ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (വിഫ്) കേരള ഘടകമാണീ പ്രസ്ഥാനം. നിർമ്മാണ തൊഴിലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, ഗാർഹീക തൊഴിലാളി ഫോറം, ചെറുകിട തോട്ടം തൊഴിലാളി ഫോറം, കർഷക തൊഴിലാളി ഫോറം, മോട്ടോർ വാഹന തൊഴിലാളി ഫോറം, മത്സ്യതൊഴിലാളി ഫോറം, പീടികതൊഴിലാളി ഫോറം തുടങ്ങിയ എട്ട് ഫോറങ്ങളിലൂടെ അസംഘടിത തൊഴിലാളികളെ കെ. എൽ. എം. സംഘടിപ്പിച്ചു വരുന്നു. സർക്കാർ ക്ഷേമനിധികൾ സാമൂഹിക സുരക്ഷാ പദ്ധതികൾ, തൊഴിൽ വൈദഗ്ധ്യ പരിശീലനങ്ങൾ, ശിൽപശാലകൾ എന്നിവയിലൂടെ ജാതി മത ഭേദമില്ലാതെ അസംഘടിത തൊഴിലാളികളുടെ ശക്തീകരണമാണ് കെ.എൽ.എം. ലക്ഷ്യം വെച്ചിട്ടുള്ളത്. കൂടാതെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശുശ്രൂഷികളുടെയും സാമൂഹിക സുരക്ഷാപദ്ധതി നടപ്പിലാക്കാനും, പീപ്പിൾ മാനേജ്മെന്റ് പോളിസി നടപ്പിലാക്കാനുള്ള സഹായങ്ങളും ഒത്താശകളും നൽകാനും കെ. എൽ. എം. നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്

13. കേരളത്തിലെ എല്ലാ രൂപതകളും ഇതിനോടകം കെ. എൽ. എം. ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ചില രൂപതകളിൽ ഇനിയും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. എല്ലാ ഇടവകകളിലും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചിട്ടുമില്ല. അതിനാൽ എല്ലാ രൂപതകളും, ഇടവകകളും ഇക്കാര്യത്തിൽ ആത്മാർഥമായ സഹകരണം നൽകണമെന്നു അഭ്യർത്ഥിക്കുന്നു. തൊഴിലാളിദിന ആചരണത്തോട് അനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കായി പ്രത്യേക ദിവ്യബലികളും സെമിനാറുകളും നടത്തുന്നത് ഉചിതമാണ്. എല്ലാ തൊഴിലാളികളെയും മെഡിക്ലെയിം ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി തുടങ്ങിയ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ അംഗങ്ങളാക്കാനുള്ള ഒത്താശകൾ ചെയ്തു കൊടുക്കണം. എല്ലാ ഇടവകകളിലും കെ.എൽ.എം.ന്റെ നേതൃത്വത്തിൽ ലേബർ ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുന്നത് നല്ലതാണ്.

14. തങ്ങളുടെ അദ്ധ്വാനത്തിലൂടെയാണ് കുടുംബവും, രാഷ്ട്രവും, സമൂഹവും പുരോഗമിക്കുന്നത് എന്ന തിരിച്ചറിവിലൂടെ അലസതയകറ്റി, ഉത്തരവാദിത്വത്തോടെയും സത്യസന്ധതയോടെയും തൊഴിലിലേർപ്പെടണമെന്ന് എല്ലാ തൊഴിലാളികളെയും ഓർമ്മിപ്പിക്കുന്നു.

കാർഷിക മേഖലയിലും വ്യവസായ മേഖലയിലും നല്ല ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉൽപാദിപ്പിച്ച് കമ്പോളത്തിൽ ഇറക്കിയാൽ മാത്രമെ ഇന്നത്തെ ആഗോള സമ്പദ്വ്യവസ്ഥയിൽ നമുക്ക് മുന്നേറാൻ കഴിയുകയുള്ളുവെന്ന വസ്തുത എല്ലാ തൊഴിലാളി

കളുടേയും മനസ്സിലുണ്ടാകണം. മറ്റു രാജ്യങ്ങളിൽനിന്നു ഗുണമേൻമയുള്ള ഉൽപന്നങ്ങൾ ആഗോളമാർക്കറ്റിൽ വരുമ്പോൾ ഗുണമേന്മ കുറവും വില കൂടുതലുമായ നമ്മുടെ ഉൽപന്നങ്ങൾ വാങ്ങാൻ ആരും ഉണ്ടാകുകയില്ല എന്നത് സ്വാഭാവികം. പല അന്താരാഷ്ട്ര കരാറുകളിലും ഒപ്പിട്ടിട്ടുള്ള ഇന്ത്യക്ക് മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ കുത്തൊഴുക്കിനെ തടയുന്നതിനും പരിമിതികളുണ്ട് എന്നതും നമ്മൾ അറിയേണ്ടതുണ്ട്. ആ കരാറുകളിൽനിന്നു നമ്മൾ പിൻമാറിയാൽ മറ്റു രാജ്യങ്ങൾ നമ്മുടെ ഉൽപന്നങ്ങൾ ബഹിഷ്കരിക്കും എന്നതും വസ്തുതയാണ്. ചുരുക്കത്തിൽ നമ്മൾ ആഗോള കമ്പോളത്തിൽ മൽസരിക്കാൻ പ്രാപ്തരാകണം എന്നർത്ഥം. ഇതെല്ലാം പ്രായോഗികമാകണമെങ്കിൽ തൊഴിലാളികൾ കൂടുതൽ കൂടുതൽ അറിവും കഴിവും നേടുകയും ആഗോളമാറ്റങ്ങൾക്കനുസരിച്ച് മാറാൻ തയ്യാറാകുകയും വേണം. അതുപോലെ മദ്യപാനം, മയക്കുമരുന്നുപയോഗം തുടങ്ങിയ ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് സമ്പാദ്യശീലം വളർത്തുകയും വേണം.

15. തൊഴിലാളി ശുശ്രൂഷാരംഗത്ത് കരുണാപൂർവ്വകമായ നേതൃത്വം നൽകാൻ പ്രതിജ്ഞാബദ്ധതയോടെ കൂടുതൽ സമർപ്പിതർ മുന്നോട്ട് വരുവാൻ ആഹ്വാനം ചെയ്യുന്നു. കരുണയുടെ ഈ മഹാജൂബിലിവർഷത്തിൽ നീതി നടപ്പാക്കുന്ന സാമൂഹിക ജീവിതവും തൊഴിൽസംസ്കാരവും പടുത്തുയർത്താൻ നമുക്ക് ശ്രമിക്കാം. അതിനായി നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പിന്റെ അനുഗ്രഹവും, തൊഴിലാളിദിനത്തിന്റെ ആശംസകളും, പ്രാർത്ഥനകളും ഒരിക്കൽ കൂടി എല്ലാവർക്കും നേരുന്നു.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ കെ.സി.ബി.സി. ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ കെ.സി.ബി.സി. ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ.യൂഹന്നാൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2016 ഏപ്രിൽ മാസം 24-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലേ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

Prot. No. 0263/2015

# മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

**2016 ജനുവരി 7 മുതൽ 12 വരെ കാക്കനാട് മൗണ്ട് സെന്റ്തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 24-ാമത് സിനഡിന്റെ പ്രഥമസമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

സാർവത്രികസഭയിൽ കരുണയുടെ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യപ്പെടുകയും കരുണയുടെ വാതിൽ നമ്മുടെ കത്തീഡ്രലുകളിലും മറ്റു തെരഞ്ഞെടുക്കപ്പെട്ട ദേവാലയങ്ങളിലും തുറക്കപ്പെടുകയും ചെയ്തതിനു ശേഷമുള്ള സിനഡ് കഴിഞ്ഞ ജനുവരിയിൽ കൂടുകയുണ്ടായി. കാരുണ്യവാനായ പിതാവിന്റെ സാക്ഷികളായി ഇന്നത്തെ കാലഘട്ടത്തിൽ പ്രവർത്തിക്കുവാനും കാരുണ്യം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അനുഭവിക്കുവാനും നമുക്ക് ആവണം. കാരുണ്യ പ്രവർത്തനം സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. വ്യക്തിപരമായ അനുഭവത്തിൽ നിന്ന് അത് ഒരു ജീവിതസാക്ഷ്യമായിമാറണം. എല്ലാവർക്കുമായി എല്ലായ്പ്പോഴും നീതിയുടേയും അനുരഞ്ജനത്തിന്റേയും വഴികൾ തുറക്കപ്പെടണം. ഇങ്ങനെയുള്ള കാരുണ്യപ്രവർത്തനങ്ങൾ സഭയിലെ എല്ലാവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ നമുക്ക് കഴിയണം. വേദപാഠം ക്ലാസ്സുകളിൽ നാം പഠിച്ച 14 മനോഗുണ പ്രവൃത്തികൾ (ശാരീരികങ്ങളും, ആദ്ധ്യാത്മികങ്ങളും) അനുവർത്തിക്കുവാനുള്ള അവസരമാണ് കരുണയുടെ വർഷം. കരുണയുടെ വർഷത്തിലെ നോമ്പുകാലം ജീവിത പരിവർത്തനത്തിന്റെ കാലമായി മാറ്റാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുകയുണ്ടായി. അതിനായി 'കർത്താവിനായി 24 മണിക്കൂർ' തുടർച്ചയായി എല്ലാ രൂപതകളും പ്രാർത്ഥനയിൽ ചെലവഴിക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. നോമ്പുകാലത്തു നടത്തേണ്ട അനുതാപ ശുശ്രൂഷയേയും ആണ്ടു കുമ്പസാരത്തേയുമാണ് ഇത് സൂചിപ്പിക്കുന്നത്. ഈ ജൂബിലി വർഷത്തിൽ കരുണയുടെ വാതിൽ തുറന്നിടുന്ന കത്തീഡ്രലുകളിലും അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന

ദേവാലയങ്ങളിലും തീർത്ഥാടനം നടത്തി പൂർണ്ണദണ്ഡവിമോചനം നേടുവാനും ഏവരും ശ്രമിക്കുമല്ലോ.

റോമിൽ നടന്ന കുടുംബ ജീവിതത്തെപറ്റിയുള്ള മെത്രാന്മാരുടെ സിനഡിന്റെ വെളിച്ചത്തിൽ ആധുനിക കാലത്തെ വെല്ലുവിളികളെ നേരി ടാൻ നമ്മുടെ കുടുംബങ്ങളെ പ്രാപ്തമാക്കേണ്ടതാണ് എന്ന് സിനഡ് അഭിപ്രായപ്പെട്ടു. കുടുംബബന്ധങ്ങളിൽ ഉണ്ടാകുന്ന തകർച്ചകളുടെ കാരണങ്ങളും പരിഹാരങ്ങളും അജപാലന തലങ്ങളിൽ വിശകലനം ചെയ്യണ്ടേതുണ്ട്. കുടുംബങ്ങളിലെ പുതിയ വെല്ലുവിളികളെ അതിജീ വിക്കുവാൻ കുടുംബജീവിതക്കാർക്കു പരിശീലനം നൽകാൻ വൈദി കരും സന്യസ്തരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിവാഹത്തിനു മുമ്പും അതിനുശേഷവും സഭ നല്കുന്ന പരിശീലന പരിപാടികൾ കുടുംബാംഗങ്ങളുടെ ആത്മീയവും ധാർമ്മികവുമായ വളർച്ചയെ വലിയ തോതിൽ സ്വാധീനിക്കുന്നുണ്ട്. കുടുംബങ്ങളിലെ പ്രായമായവരെ ബഹു മാനിക്കാനും അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ശ്രദ്ധിക്കുവാനും കുടുംബാംഗങ്ങൾ പരിശ്രമിക്കണം. കാരുണ്യവർഷ ത്തിൽ കുടുംബജീവിതക്കാർക്കുള്ള മാർപ്പാപ്പയുടെ പ്രത്യേക പരിഗ ണനയാണ് വിവാഹകോടതികളുടെ പ്രവർത്തനത്തിലുള്ള ലളിതവത്ക്ക രണം. സിനഡ് ഈ വിഷയം ചർച്ച ചെയ്യുകയും ഇത്തരം നിയമനട പടികളിലുള്ള ഭേദഗതികൾ കാര്യങ്ങൾ ത്വരിതപ്പെടുത്തുവാൻ സഹാ യിക്കുമെന്ന് വിലയിരുത്തുകയും ചെയ്തു. അതേ സമയം വിവാഹ ജീവി തത്തിന്റെ കൂദാശാപരവും ദൈവികവുമായ സവിശേഷതകളിൽ അല്പം പോലും പ്രാധാന്യം കുറച്ചു കാണാൻ ഈ നടപടികൾ കൊണ്ട് ഉദ്ദേശി ക്കുന്നില്ല എന്നു വ്യക്തമാക്കുകയും ചെയ്തു.

നമ്മുടെ ജനങ്ങളുടെ കാർഷിക പ്രശ്നങ്ങളും വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്ന അനിശ്ചിതത്വവും സിനഡ് പിതാക്കൻമാർ ഉത്ക്കണ്ഠയോടെയാണ് അവലോകനം ചെയ്തത്. റബർ, ഏലം, നെല്ല് ഉൽപ്പാദകർ, ക്ഷീരകർഷകർ എന്നിവരുടെ പ്രശ്നങ്ങളിൽ അനുഭാവ പൂർണ നിലപാടെടുക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ട താണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അനന്തരഫലങ്ങളും പരിസ്ഥി തിലോല പ്രദേശങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങളും സഭാപിതാക്ക ന്മാർ സശ്രദ്ധം ചർച്ച ചെയ്യുകയുണ്ടായി. കാർഷിക വിദ്യാഭ്യാസ മേ ഖലകളുടെ ക്ഷേമത്തിനായി സർക്കാരുകൾ നല്കിയിട്ടുള്ള വാഗ്ദാന ങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

കേരളത്തിലെ മദ്യനയത്തിലുണ്ടാകുന്ന ഗുണകരമായ മാറ്റം ശ്ലാഘനീയമാണ്. ഇതുപോലുള്ള സാമൂഹ്യ പ്രശ്നങ്ങളിൽ ജനമുന്നേറ്റം

ഉറപ്പുവരുത്തുവാനും കൂടുതൽ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുവാനും കത്തോലിക്കാ കോൺഗ്രസിനു സാധിക്കും. ഈ സംഘടനയ്ക്ക് സർവ്വവിധ സഹായ സഹകരണങ്ങൾ നല്കുവാൻ ഏവരും ശ്രമിക്കുമല്ലോ.

നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നതിൽ സന്തുഷ്ടിയുണ്ട്. അതിനായുള്ള ASSM ഫണ്ട് സ്വരൂപിക്കുന്നതിന് നിങ്ങൾ കാണിക്കുന്ന താൽപര്യത്തിനും ഉദാരമായ സംഭാവനകൾക്കും ഈയവസരത്തിൽ നന്ദിപറയുന്നു. ഇന്ത്യയിലെ പ്രവാസികളുടെ അജപാലന ശുശ്രൂഷക്കായി വന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതായി നിങ്ങൾക്ക് അറിയാമല്ലോ. അതിനായി നാഗ്പൂർ കേന്ദ്രമാക്കി ഒരു ഓഫീസ് പ്രവർത്തിക്കുന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. പ്രവാസിമക്കൾക്കുള്ള വിസിറ്റേറ്ററിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും നൽകണമെന്ന് ഈയവസരത്തിൽ ഓർമ്മിപ്പിക്കുന്നു. സഭയിലെ പ്രവാസികളുടെ അജപാലന ശുശ്രൂഷയിൽ കൂടുതൽ കാര്യക്ഷമതയും സഭാത്മകപങ്കാളിത്തവും ഉറപ്പുവരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈയിടെ കാനഡയിൽ എക്സാർക്കേറ്റ് ഉണ്ടായതിലൂടെയും മണ്ഡ്യ രൂപതയുടെ അതിർത്തികൾ വ്യാപിച്ചതിലൂടെയും ഇക്കാര്യത്തിൽ ക്രിയാത്മകമായ വളർച്ച കൈവരിക്കുവാൻ നമുക്കു സാധിച്ചു. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിലയിരുത്തുവാനും പുതിയ പ്രേഷിതപ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുവാനുമായി കേരളത്തിൽ ദക്ഷിണമേഖലയിലും (വടവാതൂർ) മദ്ധ്യമേഖലയിലും (കാക്കനാട്) ഉത്തരമേഖലയിലും (തലശ്ശേരി) മിഷൻ സെമിനാറുകൾ നടത്തുവാൻ സിനഡു തീരുമാനിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ നമ്മുടെ വിശ്വാസികൾക്കുള്ള അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. എന്റെ അബുദാബി സന്ദർശനത്തിന്റെയും സിനഡു കുവൈറ്റിലേക്കു നിയോഗിച്ച ഡെലഗേഷന്റെയും റിപ്പോർട്ട് ഈ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി.

പരമ്പരാഗതമായി നമ്മുടെ പൂർവ്വപിതാക്കന്മാരിൽ നിന്നു നമുക്കു ലഭിച്ചിട്ടുള്ള വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധനക്രമം. നമ്മുടെ കുർബാനക്രമം കാലോചിതമായി പരിഷ്കരിക്കുവാനുള്ള ശ്രമത്തിലാണ് സഭാ സിനഡ്. നമ്മുടെ സഭയുടെ തനതായ ദൈവശാസ്ത്രപാരമ്പര്യങ്ങളുടെയും ആദ്ധ്യാത്മികതയുടെയും ഭരണനിയമ സംവിധാനങ്ങളുടെയും പശ്ചാത്തലത്തിൽ രണ്ടാം വത്തിക്കാൻ

കൗൺസിൽ വിഭാവനം ചെയ്യുന്ന രീതിയിൽ ഈ നവീകരണ പ്രക്രിയ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ആരാധനക്രമത്തിന്റെ മൂലഭാഷയിലുള്ള പ്രാർത്ഥനകളുടെ പൂർണ്ണരൂപം സംരക്ഷിക്കപ്പെടേണ്ടത് ഗദ്യരൂപത്തിലായതിനാൽ അതിന്റെ സംഗീതാത്മകത (chanting) പ്രധാനപ്പെട്ടതാണ്. ഇക്കാര്യത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ചില ഈണങ്ങൾ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി. കുട്ടികളുടെ ആഘോഷപൂർവമായ കുർബ്ബാന സ്വീകരണത്തിനും ആദ്യകുമ്പസാരത്തിനും പരിശീലനം നല്കുന്നതിനുള്ള പുസ്തകത്തിന് സിനഡ് അംഗീകാരം നല്കി. നമ്മുടെ എല്ലാ ഇടവകകളിലും കുട്ടികളുടെ പരിശീലനത്തിന് ഈ പുസ്തകം സ്വീകരിക്കുമല്ലോ. ഈ വർഷം ആഗസ്റ്റ് മാസം നടക്കുന്ന സീറോ മലബാർ അസംബ്ലിയുടെ വിശദാംശങ്ങൾ സിനഡിൽ അവതരിപ്പിച്ചു. അതിനായുള്ള മാർഗരേഖ (Lineamenta) സിനഡ് അഗീകരിക്കുകയുണ്ടായി. അസംബ്ലിയുടെ മുഖ്യവിഷയം "ആധുനിക ലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും - ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം" എന്നതാണ്. നമ്മുടെ സഭയുടെ എല്ലാ രൂപതകളിലും ഈ രേഖ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുമല്ലോ. നമ്മുടെ സഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജത ജൂബിലി ആഘോഷത്തിന്റെ ഉദ്ഘാടനവും ഈ അസംബ്ലിയുടെ അവസരത്തിൽ നടത്തുന്നതാണ്.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം ജനുവരി 12-ാം തീയതി വൈകുന്നേരം ആറു മണിയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോർജ് കാർഡിനൽ ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

**Letter from the Prefect of the Oriental Congregation regarding the Good Friday Collection addressed to the Major Archbishop, George Cardinal Alenchery.**

Your Beatitude and His Eminence,

Good Friday is the day when evil seemed to triumph, as the Innocent One suffered death on the Cross. It is a day that never seems to end in the Holy Land, where apparently interminable violence must be endured. Broadening our gaze to the whole world, it is no less difficult to give wings to hope for a serene future.

The human heart, restless and troubled, seeks light, life and hope; it wants to walk in brotherhood, together with fellow human beings. Desiring to set out anew, it looks beyond its present condition, longing for a reality that is greater and truer: a salvation already won, yet ever to be striven for. The Good Friday collection rekindles in us this sure hope along with a clearer perception of the evil that surrounds us. It turns our gaze to the Holy Land, to the East whence comes our Redemption. There lie our roots; there lies our heart. We are indebted to those who went out from there, carrying the light of faith to the world. Likewise, we are indebted to those who remained to give witness to that faith, in spite of the conflicts that have always tortured that Land. Nonetheless, the Christians in the Holy Land care for the places marked by the passage of Jesus Himself, allowing us to touch, as it were, the truth of our faith. This Land challenges our charity, as it always has, yet today with a growing urgency. Indeed, every person who lives and works there deserves our prayers and our concrete assistance, so necessary for the continuation of the work of healing wounds and fostering confidently justice and peace.

In this Jubilee year, we are urged more than ever to demonstrate our mercy and solicitude for our brothers in the Middle East. Refugees, displaced persons, the elderly, children, and the sick are all in need of our help. In this land of the East, people are dying, being kidnapped and even killed. Many live in agony for their loved

ones, or suffer when the family is divided on account of forced migration and exodus. They know the darkness and fear of neglect, of loneliness, of misunderstanding. It is a time of trials and challenges, even of martyrdom. All this necessarily augments our obligation to help, to respond to emergencies, to reconstruct and to invent new ways of meeting the whole gamut of needs. Such acts of mercy, all necessary and urgent, allow us each day to experience that "if the Lord does not build the house, in vain do its builders labour".

We live clinging to the Cross of Good Friday, but sustained by the light of the Resurrection. The Holy Land is a place of dialogue, whose inhabitants never cease dreaming of constructing bridges, and in which the Christian community lives to proclaim the Gospel of Peace. It is a Lana of "ecumeriisiri of blood" and at the same time a place of extraordinary normality.

"We cannot remain indifferent: God is not indifferent! God cares about mankind, God does not abandon us" (Pope Francis). This care is expressed by our open hands, contributing generously. It can also be shown by making pilgrimages without fear to the places of our salvation, visiting also the schools and centers of assistance, where one can draw near to the local Christians and listen to their stories.

The Collection for the Holy Land reminds us of an "ancient" duty, which the history of recent years has made more urgent, but no less a source of the joy that comes from helping our brothers. In conclusion, I assure you of the deepest gratitude of the Holy Father Francis and that of the Congregation for the Oriental Churches, which seeks to accompany our brothers and sisters of the East with attentive care. Kindly extend this heartfelt thanks to all the Christian faithful of your particular Church.

With most cordial and fraternal greetings in our Lord, I remain

Sincerely
**Leonardo Card. Sandri**
Prefect, Congregation for the Oriental Churches

# രാമനാഥപുരം മെത്രാന്റെ അറിയിപ്പ്

ഈശോ മിശിഹായിൽ സ്നേഹമുള്ളവരേ,

ഒരു പ്രത്യേക കാര്യത്തിനായിട്ടാണ് ഞാൻ ഈ കത്തെഴുതുന്നത്. രൂപതാ ബുള്ളറ്റിന്റെയും (സാൻതോം വോയ്സ്) "ത്രിയേക"ത്തിന്റെയും കഴിഞ്ഞ ലക്കത്തിൽ (ജൂൺ 2015) എറണാകുളം അങ്കമാലി അതിരൂപതാ കാര്യാലയത്തിൽ നിന്ന് ലഭിച്ച ഒരു വാർത്ത "അറിയിപ്പ്" എന്ന ശീർഷകത്തിൽ രൂപതാ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു.

ഡോട്ടേഴ്സ് ഓഫ് ചാരിറ്റി ഓഫ് ദി മോസ്റ്റ് പ്രഷ്യസ് ബ്ലഡ് (DCPB) എന്ന സന്യാസിനീ സമൂഹത്തിലെ അംഗമായിരുന്ന ഡോ. ലീന മാളിയേക്കലിന്റെ സന്യാസ സമൂഹാഗത്വം വത്തിക്കാനിലെ സന്യാസ സമൂഹങ്ങൾക്കും അപ്പസ്തോലിക സമൂഹങ്ങൾക്കും വേണ്ടിയുള്ള കാര്യാലയത്തിന്റെ തീരുമാനപ്രകാരം (Prot. No. 23076/2011) റദ്ദാക്കിയെന്നും, ഡോ. ലീന തനിക്ക് ലഭിച്ചുവെന്നു പറയുന്ന "വെളിപാടുകളെ" ആസ്പദമാക്കി ഒരു സമൂഹം രൂപീകരിക്കുകയും വെളിപാടും വിശ്വാസവും സംബന്ധിച്ച കത്തോലിക്കാസഭയുടെ ഔദ്യോഗിക നിലപാടുകൾക്ക് വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തതിനാൽ ആവശ്യമായ പഠനങ്ങൾക്കും പ്രാർത്ഥനാപൂർവ്വമായ ആലോചനകൾക്കും ശേഷം എറണാകുളം-അങ്കമാലി അതിരൂപതാദ്ധ്യക്ഷൻ അത്തരം "വെളിപാടുകൾ" പഠിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും നിന്ന് ഡോ. ലീനയെ വിലക്കിയിട്ടുണ്ടെന്നും പറഞ്ഞുകൊണ്ടുള്ള അറിയിപ്പായിരുന്നു അത്. ഡോ. ലീനയുടെ അത്തരം പ്രവർത്തനങ്ങൾക്ക് സഭയുടെ അംഗീകാരമില്ലെന്നും അറിയിപ്പിൽ പറഞ്ഞിട്ടുണ്ട്. ("എറണാകുളം മിസ്സം" ഏപ്രിൽ 2015, p. 37).

സഭയുടെ വിശ്വാസപൈതൃകം സഭയുടെ പൊതുസമ്പത്താണ്. അത് അഭംഗുരം കാത്തുസൂക്ഷിക്കാനും വ്യാഖ്യാനിച്ചുകൊടുക്കാനുമുള്ള ഉത്തരവാദിത്വം കർത്താവ് തിരുസ്സഭയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ തിരുസ്സഭാനേതൃത്വം ഈ ദൈവിക ദൗത്യം നിർവ്വഹിക്കുന്നു.

സഭയുടെ ഇപ്രകാരമുള്ള വിശ്വാസനിക്ഷേപം ദൈവിക വെളിപാടിലൂടെ രൂപപ്പെട്ടതാണ്. വി. പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ, "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആഗ്രഹിക്കുന്ന" (1 തിമോ.2:4) ദൈവം പഴയനിയമകാലം മുതൽ വെളിപാടുകൾ നൽകിയിരുന്നുവെങ്കിലും, ഹെബ്രായർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഈശോമിശിഹായിലാണ് ഈ

വെളിപാടിന്റെ പൂർണ്ണത നാം കാണുന്നത്. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ. 1:1-2). അതുകൊണ്ടു സഭ പഠിപ്പിക്കുന്നു, "മനുഷ്യനായി തീർന്ന ദൈവപുത്രനായ ക്രിസ്തു പിതാവിന്റെ ഏകവും പരിപൂർണ്ണവും അദ്വിതീയവുമായ വചനമാണ്. അവനിൽ ദൈവം സർവ്വതും സംസാരിച്ചിരിക്കുന്നു. ഈ വചനമല്ലാതെ മറ്റൊരു വചനം ഇനി ഉണ്ടാകാനില്ല" ("കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം", നമ്പർ 65). ഈയർത്ഥത്തിൽ യേശുക്രിസ്തുവിനെ "എല്ലാ വെളിപാടിന്റെയും മദ്ധ്യസ്ഥനും പൂർണ്ണത"യുമായി കാണുന്ന സഭ (രണ്ടാം വത്തിക്കാൻ സൂനഹദോസ്, "ദൈവാവിഷ്ക്കരണം"). ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവിനുമുമ്പായി ഒരു പരസ്യവെളിപാടും ഉണ്ടാകുകയില്ല എന്ന് വിശ്വസിക്കുന്നു. തന്റെ ജീവിതവും പ്രബോധനങ്ങളും ജീവത്യാഗവും വഴി നിത്യരക്ഷയുടെ മാർഗ്ഗം തുറന്നുകൊടുത്ത കർത്താവ് ജീവിക്കുന്നവരേയും മരിച്ചവരേയും ജീവിതമനുസരിച്ച് വിധിക്കാൻ രണ്ടാമത് വരുമെന്നല്ലേ നാം വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നത് (1 തിമോ. 6:14, തീത്തൂസ് 2:13). അതായത്, വി. തോമസ് അക്വീനാസ് പ്രസ്താവിച്ചിരിക്കുന്നതുപോലെ എല്ലാ പരസ്യവെളിപാടുകളും അവസാനത്തെ അപ്പസ്തോലന്റെ മരണത്തോടെ കഴിഞ്ഞു എന്നത് സഭയുടെ വിശ്വാസപാരമ്പര്യമാണ്.

ഇത്തരുണത്തിൽ സ്വകാര്യവെളിപാടുകളെപ്പറ്റിയും ചിന്തിക്കുന്നതു നല്ലതാണ്. അതേപ്പറ്റിയുള്ള സഭയുടെ പ്രബോധനം ഇപ്രകാരമാണ്: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ പ്രത്യക്ഷപ്പെടലിനു മുമ്പായി നാം ഇനി ഒരു പരസ്യവെളിപാടും പ്രതീക്ഷിക്കേണ്ടതില്ല" (1 തിമോ. 6:14, തീത്തൂസ് 2:13). "സ്വകാര്യവെളിപാടുകൾ", ചിലതിന് സഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും, അവ ക്രിസ്തുവിൽ പൂർണ്ണമാക്കപ്പെട്ട വെളിപാടിനെ"മെച്ചപ്പെടുത്തുകയോ" "പൂർത്തീകരിക്കുകയോ" അല്ല, ചരിത്രത്തിന്റെ പ്രത്യേക കാലഘട്ടത്തിൽ കൂടുതൽ പൂർണ്ണമായി ജീവിക്കാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. അവയെ വിവേചിച്ചറിഞ്ഞു അംഗീകരിക്കാനുള്ള അധികാരം സഭയുടെ പ്രബോധനാധികാരത്തിനാണ്. ഈയർത്ഥത്തിൽ, ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട ദൈവാവിഷ്ക്കാരത്തെ മറികടക്കുന്നതോ തിരുത്തുന്നതെന്നോ നടിക്കുന്ന "വെളിപാടുകളെ" അംഗീകരിക്കാൻ ക്രൈസ്തവ വിശ്വാസത്തിന് കഴിയുകയില്ല. ചില അക്രൈസ്തവ മതങ്ങളും സമീപകാലത്ത് രൂപംകൊണ്ട ചില ക്രിസ്തീയ സെക്റ്റുകളും മേൽവിവരിച്ച തരത്തിലുള്ള വെളിപാടുകളേയും ദർശനങ്ങളേയും ആധാരമാക്കിയുള്ളതാണെന്ന് സഭ പഠിപ്പിക്കുന്നു (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, നമ്പർ 67).

ഈ പശ്ചാത്തലത്തിലാണ് ഡോ. ലീന മാളിയേക്കലിന് ലഭിച്ചുവെന്ന് പറയുന്ന വെളിപാടുകളെ (ഉണ്ണീശോ സംസാരിക്കുന്നു, ഉണ്ണീശോ വീണ്ടും ജനിക്കാൻ പോകുന്നു എന്നിവ) കാണേണ്ടത്. യേശുക്രിസ്തു നിത്യം ജീവിക്കുന്ന ദൈവപുത്രനാണ്. അവിടുന്ന് ഇന്നും സ്വകാര്യ വെളിപാടുകളിലൂടെയും ദർശനങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും രോഗശാന്തികളിലൂടെയും ജാതി-മത ഭേദമന്യേ മനുഷ്യർക്ക് രക്ഷയുടെയും സമാധാനത്തിന്റെയും അനുഭവം പകരുന്നു. എന്നാൽ ഇത്തരം വെളിപാടുകളുടെയും അത്ഭുതങ്ങളുടെയും നിജസ്ഥിതിയും ദൈവികമായ സുതാര്യതയും ഔദ്യോഗികമായി പഠിച്ച് ദൈവജനത്തെ അറിയിക്കേണ്ടത് സഭയുടെ പ്രബോധനാധികാരമുള്ള സമിതിയാണ്. ഒരു മെത്രാനോ, വൈദികനോ, സന്യാസിനിയോ, അല്മായനോ ഒറ്റയ്ക്ക് ചെയ്യേണ്ടതല്ല അത്. ദൈവം ഒരു വ്യക്തിയിലോ ഒരു സ്ഥലത്തോ ഒരു സമൂഹത്തിലോ ഇടപെടാനോ അതിസ്വാഭാവികമായത് നിർവ്വഹിക്കാനോ ആഗ്രഹിക്കുന്നുവെങ്കിൽ അത് തടയാൻ ഈ ലോകത്തിൽ ആർക്കും സാധിക്കുകയില്ല. അതേസമയം അത്തരം ഇടപെടലുകളുടെ നിജസ്ഥിതിയും സത്യാവസ്ഥയും അറിയാൻ ബന്ധപ്പെട്ട സഭാധികാരിയുടെ തീരുമാനത്തിനായി ഓരോ സഭാംഗവും ക്ഷമയോടെ, പ്രാർത്ഥനാപൂർവ്വം കാത്തിരിക്കണം. അപ്രകാരം ചെയ്യാതെ, സഭാധികാരത്തെ ചോദ്യം ചെയ്തു അനുസരിക്കാതെയും സഭാവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നത് ദൈവജനത്തിന്, അതിലുപരി നേതൃനിരയിലുള്ള ഒരു വൈദികന്, സന്യാസിക്ക്, സന്യാസിനിക്ക് ഒരിക്കലും ചേർന്നതല്ല.

കത്തോലിക്കാ ക്രിസ്തീയ ജീവിതത്തിന്റെ ആത്മാവ് പരി.ത്രിത്വത്തിലും ക്രിസ്തുവിന്റെ തുടർച്ചയായ സഭയിലുമുള്ള വിശ്വാസമാണ്. അത് ക്രിസ്തുവിൽ പൂർത്തിയാക്കപ്പെട്ട വെളിപാടിൽ അധിഷ്ഠിതവുമാണ്. മാനുഷികമായ എന്തെല്ലാം ഗുണങ്ങളും കഴിവുകളും ഒരു സഭാംഗത്തിനുണ്ടായാലും ഈ വിശ്വാസത്തിൽ കലർപ്പുണ്ടായാൽ അത് ക്രിസ്തീയ ജീവിതത്തേയും സാക്ഷ്യത്തേയും നിഷേധാത്മകമായി ബാധിക്കും. ഈയർത്ഥത്തിൽ, ഡോ. ലീന മാളിയേക്കലും അവരെ അനുകൂലിക്കുന്നവരും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന സഭാവിരുദ്ധ പ്രവർത്തനം സഭാസമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കാൻ മാത്രമെ ഉപകരിക്കൂ. നിർഭാഗ്യവശാൽ, ഡോ. ലീനയെ അനുകൂലിക്കുന്നവരുടെ കൂട്ടത്തിൽ നമ്മുടെ രൂപതയിലെ ഫാ. സെബാസ്റ്റ്യൻ (സെബി) കുണ്ടുകുളവും (ഗാന്ധിപുരം ഇടവക) പെട്ടുവെന്നത് ഏറെ വേദനാജനകമാണ്. നമുക്ക് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം.

സത്യത്തിന്റെ പൂർണ്ണതയായ ക്രിസ്തുവിന്റെ പ്രതിനിധിയും സഭയുടെ നാവുമാകാൻ വിളിക്കപ്പെട്ട ഒരു വൈദികൻ സഭയുടെ ഔദ്യോഗിക പഠനങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുന്നതും എഴുതുന്നതും സഭാവിരുദ്ധ പ്രസ്ഥാനങ്ങളിൽ മുഴുകുന്നതും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നും ഡോ. ലീനയ്ക്ക് ലഭിച്ചുവെന്ന് പറയുന്ന

വെളിപാടുകളെപ്പറ്റിയുള്ള സഭയുടെ ആത്യന്തിക നിലപാട് അറിയുന്നതുവരെ ക്ഷമാപൂർവ്വം കാത്തിരിക്കണമെന്നും ബഹു. സെബാസ്റ്റ്യനച്ചനോട് നേരിട്ടും എഴുത്തിലൂടെയും ബന്ധപ്പെട്ട വ്യക്തികളിലൂടെയും ഞാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ഒരു തരത്തിലും സഭയുടെ മുഖ്യധാരയിലേക്കും പൗരോഹിത്യ ശുശ്രൂഷയിലേയ്ക്കും തിരിച്ചുവരാൻ തയ്യാറല്ലെന്നു അച്ചൻ എഴുതി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് രൂപതയിൽ അദ്ദേഹത്തിന്റെ നിലവിലുള്ള ശുശ്രൂഷകളിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കിയതും പൗരോഹിത്യ -അജപാലനശുശ്രൂഷകളിൽ നിന്ന് മറിച്ചൊരു തീരുമാനമുണ്ടാകുന്നതുവരെ അദ്ദേഹത്തിന് മുടക്ക് ഏർപ്പെടുത്തിയിട്ടുള്ളതും (കല്പനനമ്പർ 86/2015, 05.06.2015). ഈ തീരുമാനം 08.06.2015 ന് പ്രാബല്യത്തിലായി. അതനുസരിച്ച് തിരുവചനം പ്രഘോഷിക്കുവാനും വി.ബലിയർപ്പിക്കാനും മറ്റു കൂദാശകളും കൂദാശാനുകരണങ്ങളും (വി.കുർബാന എഴുന്നെള്ളിച്ച് വച്ചുകൊണ്ടുള്ള പ്രാർത്ഥന, ആരാധന ഉൾപ്പെടെ) പരികർമ്മം ചെയ്യാനും പാരാലിറ്റർജിക്കൽ ശുശ്രൂഷകൾക്കും മറ്റു ഭക്തകൃത്യങ്ങൾക്കും നേതൃത്വം വഹിക്കാനും അച്ചന് അനുവാദമില്ല. ഇക്കാര്യം സന്യസ്തരുൾപ്പെടെയുള്ള എല്ലാ വൈദികരും മറ്റു സന്യസ്തരും അല്മായരും മനസ്സിലാക്കണം എന്ന് അറിയിക്കുന്നു.

അതനുസരിച്ച്, ഡോ. ലീനയോ, ഫാ. സെബാസ്റ്റ്യൻ കുണ്ടുകുളമോ മറ്റാരെങ്കിലുമോ നേതൃത്വം വഹിക്കുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയ ഒരു സഭാവിരുദ്ധ പ്രസ്ഥാനത്തിലേയ്ക്കും തെറ്റിദ്ധരിച്ചുപോകരുത് എന്നുകൂടി ഇത്തരുണത്തിൽ സഭാവിശ്വാസികളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരെങ്കിലും അങ്ങനെയുള്ള പ്രസ്ഥാനങ്ങളിലേയ്ക്ക് പോകുകയോ പോകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്താൽ അവർക്കെതിരെ സഭാപരമായ നടപടികളുണ്ടാകുമെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു.

വി. ആഗസ്തിനോസിന്റെ വാക്കുകളും ബോദ്ധ്യവും ഇത്തരുണത്തിൽ നമുക്ക് സ്വന്തമാക്കാം; "ക്രിസ്തീയ ജീവിതം പരി. ത്രിത്വത്തിൽ വിശ്വസിച്ച് സഭയിലൂടെ സഞ്ചരിച്ച് നിത്യജീവിതത്തിലെത്തിച്ചേരലാണ്". ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട പരി. ത്രിത്വത്തിൽ വിശ്വസിച്ച്, വി. പത്രോസിന്റെ നേതൃത്വത്തിന് ഭരമേൽപ്പിക്കപ്പെട്ട സഭയിലൂടെ സഞ്ചരിച്ച് സ്വർഗ്ഗരാജ്യത്തിലെത്തിച്ചേരാൻ നമുക്ക് ഏകമനസ്സോടെ, ഒറ്റക്കെട്ടായി മുന്നേറാം. പരി.അമ്മ തന്റെ തിരുക്കുമാരനോടു ചേർത്ത് പിടിച്ച് നമ്മെ വഴിനടത്തട്ടെ!

സ്നേഹപൂർവ്വം,
ഈശോയിൽ നിങ്ങളുടെ വത്സപിതാവ്

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

Prot. No. 18088/2016

## കല്ലോടി സെന്റ് ജോർജ് ഇടവകയുടെ കീഴിലുള്ള വാളേരി സെന്റ് അൽഫോൻസ ആശ്രിത കുരിശുപള്ളിയെ സ്വതന്ത്ര കുരിശു പള്ളിയായി ഉയർത്തിക്കൊണ്ടുള്ള ഡിക്രി

മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, കല്ലോടി സെന്റ് ജോർജ് ഇടവകയുടെ കീഴിലുള്ള വാളേരി സെന്റ് അൽഫോൻസ ആശ്രിത കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

കല്ലോടി ഇടവകയിൽ 2008-ൽ ചേർന്ന പൊതുയോഗത്തിൽ കല്ലോടി പള്ളിയിൽ നിന്നും ഏകദേശം 5 കിലോമീറ്റർ അകലെ കുനിക്കരച്ചാൽ എന്ന സ്ഥലത്ത്, ഒരു ദേവാലയം പണിയാൻ തീരുമാനിച്ചു. ശ്രീ. ജോസ് പിണകാട്ടുപറമ്പിൽ ദാനം ചെയ്ത അര സെന്റ് സ്ഥലത്ത് നിലവിൽ ഒരു കുരിശ്ശടി ഉണ്ടെന്നതും ശ്രീ. സേവ്യർ പിച്ചാപ്പള്ളിൽ 40 വർഷങ്ങൾക്ക് മുൻപ് ദാനമായി നൽകിയ 5 സെന്റ് സ്ഥലം ഉണ്ടെന്നതും കണക്കിലെടുത്ത് അവിടെ ഒരു കുരിശുപള്ളി നിർമ്മിച്ച് ഞായറാഴ്ച കുർബാനയ്ക്ക് ആവശ്യമായ ക്രമീകരണം ഒരുക്കണം എന്നുള്ള ആ പ്രദേശത്തുകാരുടെ അപേക്ഷ പരിഗണിച്ചുകൊണ്ടാണ് കല്ലോടിയിലെ വികാരിയായിരുന്ന ബഹു. ഉണ്ണിപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ ചേർന്ന പൊതുയോഗം ഈ തീരുമാനം എടുത്തത്. എന്നാൽ പ്രായോഗികമായ പരിമിതികൾ ധാരാളം നിലനിന്നിരുന്നതുകൊണ്ട് ആ തീരുമാനം രൂപതാകേന്ദ്രത്തിൽ നിന്നും അംഗീകരിക്കപ്പെട്ടില്ല (Prot.180/8).

പിന്നീട് ബഹു. ജോർജ് മമ്പള്ളിൽ അച്ചൻ കല്ലോടി പള്ളിയിൽ വികാരിയായി വന്നതിനുശേഷം 2009 ഒക്ടോബർ മാസം കുനിക്കരച്ചാൽ കുരിശ്ശടിയിലെ പത്ത് ദിവസത്തെ കൊന്തസമാപന അവസരത്തിൽ കല്ലോടി ഇടവകയിലെ വാളേരി 1, 2, 3 വാർഡുകാർ വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരു യോഗം ചേർന്നു. ഈ യോഗത്തിൽ ഒരു കുരിശുപള്ളിയ്ക്കാവശ്യമായ സ്ഥലം വാങ്ങിക്കുവാൻ ബഹു. വികാരിയച്ചനെ ചുമതലപ്പെടുത്തുകയും പള്ളിനിർമ്മാണ കമ്മിറ്റി രൂപീകരിച്ച് അതിന്റെ പ്രസിഡന്റായി ശ്രീ. ജെയിംസ് മാറാച്ചേരി, സെക്രട്ടറിയായി ശ്രീ. ബേബി കണിയാംപറമ്പിൽ എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് കുനിക്കരച്ചാൽ കുരിശ്ശടിയുടെ മുകൾഭാഗത്തായി വിവിധ വ്യക്തികളിൽ നിന്നായി ഓരേക്കർ അറുപത് സെന്റ് സ്ഥലം വാങ്ങിച്ചു. പ്രസ്തുത സ്ഥലത്ത് 2011 നവംബർ 26 ന് ദേവാ

ലയത്തിന്റ ശിലാസ്ഥാപനം ഞാൻ നിർവഹിച്ചു. നിർമ്മാണം പൂർത്തിയാക്കിയ കുരിശുപള്ളി 2013 മെയ് മാസം 19-ാം തീയതി കൂദാശചെയ്യുകയും കല്ലോടി സെന്റ് ജോർജ് ഇടവകയുടെ കീഴിൽ വി. അൽഫോൻസാമ്മയുടെ നാമത്തിലുള്ള ആശ്രിത കുരിശുപള്ളിയായി പ്രഖ്യാപിക്കുകയും ചെയ്തു (Prot.No.13792/2013). പുതിയതായി നിർമ്മിച്ച സൺഡേസ്കൂളിന്റെ വെഞ്ചരിപ്പ് കർമ്മവും അന്നുതന്നെ നിർവഹിക്കപ്പെട്ടു.

തുടർന്ന് എല്ലാ ഞായറാഴ്ചകളിലും പ്രധാന തിരുനാൾ ദിനങ്ങളിലും വി. കുർബാനയും, ബുധൻ, വെള്ളി, ശനി ദിവസങ്ങളിൽ വി. കുർബാനയും, വി. അൽഫോൻസാമ്മയുടെയും ഉണ്ണീശോയുടെയും നിത്യസഹായ മാതാവിന്റെയും നൊവേനയും യഥാക്രമം നടത്തി വരുന്നു. 2013 അധ്യയന വർഷത്തിൽ 1 മുതൽ 12 വരെ മതബോധന ക്ലാസ്സുകളും ആരംഭിച്ചു. കല്ലോടിയിലെ ബഹു. വികാരിയച്ചനും അസിസ്റ്റന്റ് വികാരിമാരുമാണ് ഈ ആശ്രിത കുരിശുപള്ളിയിലെ അജപാലനപരമായ കാര്യങ്ങൾ നോക്കി നടത്തിയിരുന്നത്. 2014 മെയ് 18-ാം തീയതി ബഹു. മമ്പള്ളിയച്ചൻ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ച സാഹചര്യത്തിൽ കല്ലോടി ഇടവകയുടെ വികാരിയായി ബഹു. ജോസ് കൊച്ചറയ്ക്കലച്ചനെ നിയമിച്ചതോടൊപ്പം വാളേരി ആശ്രിത കുരിശുപള്ളിയുടെ പ്രത്യേക ഉത്തരവാദിത്വം അസിസ്റ്റന്റ് വികാരി ബഹു. മനോജ് കവലക്കാടൻ അച്ചന് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ഇടവക വികാരി ബഹു. ജോസ് കൊച്ചറയ്ക്കലച്ചന്റെയും ബഹു. മനോജ് കവലക്കാടൻ അച്ചന്റെയും അക്ഷീണ പരിശ്രമത്താലും ഇടവകാംഗങ്ങളുടെ പൂർണ്ണമായ സഹകരണത്താലും പള്ളിയിലേയ്ക്കുള്ള റോഡ് ടാറ് ചെയ്തു. വാർഡ് പ്രാർത്ഥനകളും സംഘടനാപ്രവർത്തനങ്ങളും നല്ല നിലയിൽ നടന്നുവരുന്നു. ആശ്രിത കുരിശുപള്ളിയുടെ പരിധിയിൽ നിന്നുകൊണ്ട് എന്നാൽ ഒരിടവകയ്ക്ക് സമാനമായി പൊതുയോഗങ്ങളും പാരീഷ് കൗൺസിൽ യോഗങ്ങളും നടന്നുവരുന്നു. ഇപ്പോൾ സെമിത്തേരി നിർമ്മാണം പൂർത്തിയായി കൊണ്ടിരിക്കുകയും ചെയ്യുന്നു.

2015 ഓഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച ഞാൻ ഈ കുരിശുപള്ളിയിൽ ഇടയസന്ദർശനം നടത്തുകയും ഇവിടുത്തെ സാഹചര്യങ്ങൾ വിലയിരുത്തുകയും ചെയ്തശേഷം ഇവിടുത്തെ ഭക്തസംഘടനകളെ സ്വതന്ത്ര യൂണിറ്റുകളാക്കുന്നതിനുള്ള അനുവാദം നൽകി. ഇപ്പോൾ തിരുബാല സംഖ്യം (Holy Childhood), ചെറുപുഷ്പ മിഷൻലീഗ് (CML), കേരള കാത്തലിക്ക് യൂത്ത് മൂവ്മെന്റ് (KCYM), സീറോ മലബാർ മാതൃവേദി, സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ (SVDP) എന്നീ സംഘടനകൾ ഇവിടെ സജീവമായി പ്രവർത്തിക്കുന്നു .

2013 മുതൽ രണ്ടു പ്രാവശ്യം വാളേരി ആശ്രിത കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വാളേരി 1,2,3 വാർഡുകാരുടെ അപേക്ഷ ലഭിച്ചിരുന്നെങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അഭാവത്താലും നൈയാമികമായി പൂർത്തിയാക്കേണ്ടിയിരുന്ന നടപടിക്രമങ്ങൾ പൂർത്തിയാകാതിരുന്നതിനാലും അപേക്ഷ അനുവദിക്കുവാൻ സാധിക്കുമായിരുന്നില്ല. 2016 ജനുവരി 31-ാം തീയതി ഞായറാഴ്ച ചേർന്ന പൊതുയോഗത്തിൽ വാളേരി ആശ്രിത കുരിശുപള്ളിയെ സ്വതന്ത്രകുരിശുപള്ളിയായി

പ്രഖ്യാപിക്കണമെന്ന വിഷയം ചർച്ച ചെയ്ത് പ്രസ്തുത ആവശ്യം കല്ലോടി സെന്റ് ജോർജ്ജ് ഫൊറോന പള്ളിയുടെ പരിഗണനയ്ക്ക് നൽകി. 2016 ഫെബ്രുവരി 3 ന് കല്ലോടി പള്ളികമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും വാളേരിയിലെ പൊതുയോഗത്തിന്റെ ഈ ആവശ്യം പരിഗണിക്കേണ്ടതാണെന്ന് വിലയിരുത്തുകയും സ്വതന്ത്ര കുരിശുപള്ളിയാക്കുന്നതിനുള്ള നടപടികൾക്കായി രൂപതാദ്ധ്യക്ഷന് അപേക്ഷ നൽകുകയും ചെയ്തു.

മേൽ സൂചിപ്പിച്ച സാഹചര്യങ്ങളും വാളേരി ആശ്രിത കുരിശുപള്ളിയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയും പ്രദേശത്തെ ദൈവജനത്തിന്റെ ആഗ്രഹവും നിർലോഭമായ സഹകരണവും പരിഗണിച്ച് 2016 ഫെബ്രുവരി 13-ാം തീയതി മുതൽ വാളേരി സെന്റ് അൽഫോൻസ ആശ്രിത കുരിശുപള്ളിയെ സ്വതന്ത്രമായ പൊതുയോഗവും കൈക്കാരന്മാരും കണക്കുള്ള ഒരു സ്വതന്ത്രകുരിശുപള്ളിയായി പ്രഖ്യാപിക്കുന്നു. ഒരു സ്വതന്ത്ര കുരിശുപള്ളിയുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും കടമകളും അന്നുമുതൽ വാളേരി കുരിശുപള്ളിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. ഇനി മുതൽ താഴെ പറയുന്ന അതിർത്തികൾക്കുള്ളിൽ താമസിക്കുന്ന, വാളേരി കുരിശുപള്ളിയിൽ ഇപ്പോൾ അംഗങ്ങളായിട്ടുള്ളവരും കല്ലോടി ഇടവകാംഗങ്ങളുമായ, 87 കുടുംബങ്ങളുടെയും ഭാവിയിൽ ഈ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുടെയും ആദ്ധ്യാത്മിക സംരക്ഷണവും എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നതിനുള്ള കടമകളും ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന വാളേരി സ്വതന്ത്ര കുരിശുപള്ളിയുടെ ബഹു. വികാരിയ്ക്കും അദ്ദേഹം നിയമാനുസൃതം അധികാരപ്പെടുത്തുന്നവർക്കുമായിരിക്കും. അപ്രകാരം അധികാരപ്പെടുത്താതെ നടത്തുന്ന കൂദാശകളുടെ, വിശിഷ്യ വിവാഹത്തിന്റ സാധുത ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും.

**അതിർത്തികൾ:**

വടക്ക് : കബനിനദി

തെക്ക് : തേറ്റമല എസ്റ്റേറ്റ്

കിഴക്ക് : വാളേരി പാടം

പടിഞ്ഞാറ് : നാല്പറ്റകുന്നുമുതൽ വെങ്ങച്ചെന്നി കിരാതമൂർത്തി ക്ഷേത്രം വഴി വെങ്ങച്ചെന്നിപ്പാടം വരെയുള്ള നടവഴി.

മേൽപറഞ്ഞ അതിർത്തികൾക്കുള്ളിൽ നിലവിൽ പുതുശ്ശേരി ഇടവകക്കാരായ ഏതാനും കുടുംബങ്ങൾ ഉണ്ട്. അവർ വാളേരിയിൽ ചേരാൻ താത്പര്യം പ്രകടിപ്പിച്ചാലും വാളേരി സ്വതന്ത്ര ഇടവകയാകുന്നതുവരെ പുതുശ്ശേരി ഇടവകയിലെ അംഗങ്ങളായി തുടരേണ്ടതാണ്. എന്നാൽ അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ, പുതുശ്ശേരിയിലെ ബഹുമാനപ്പെട്ട വികാരിയുടെ അനുവാദത്തോടെ വാളേരിയിൽ നടത്തിക്കൊടുക്കാവുന്നതാണ്. വാളേരി ഇടവകയിൽ ചേരുന്നതുവരെ അവർ പുതുശ്ശേരി ഇടവകയിൽ കൊടുക്കേണ്ടതായ എല്ലാ സംഭാവനകളും അവിടെ തന്നെ കൊടുക്കേണ്ടതുമാണ്.

വാളേരി സെന്റ് അൽഫോൻസ സ്വതന്ത്ര കുരിശുപള്ളിയുടെ പ്രഥമ വികാരിയായി ബഹു. പൂതക്കുഴി ജേക്കബ് അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥാ

യോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവക യുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവി ടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

വാളേരി സെന്റ് അൽഫോൻസ സ്വതന്ത്ര കുരിശുപള്ളിയുടെ വളർച്ച യിൽ നിർണ്ണായകമായ പങ്കുവഹിച്ച എല്ലാവരെയും മുൻവികാരിമാരെയും വളരെ പ്രത്യേകമായി വാളേരിക്കുവേണ്ടി സ്ഥലം മേടിക്കുവാനും ദേവാ ലയം, സൺഡേസ്കൂൾ എന്നിവ നിർമ്മിക്കുവാനും നേതൃത്വം നൽകിയ ബഹു. ജോർജ് മമ്പള്ളി അച്ചനേയും അച്ചനോട് ചേർന്ന് സഹകരിച്ച കല്ലോ ടിയിലുണ്ടായിരുന്ന അസിസ്റ്റന്റ് വികാരിമാരെയും മൂളിത്തോട് നിന്നും അവ ശ്യാനുസരണം വന്ന് സഹായിച്ചുകൊണ്ടിരിക്കുന്ന ഷേൺസ്റ്റാട്ട് സമൂഹ ത്തിലെ ബഹു. സിസ്റ്റേഴ്സിനെയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേ കിച്ച് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകി വാളേരി കുരിശു പള്ളിയെ വളർത്തിയ ബഹു. ജോസ് കൊച്ചറയ്ക്കലച്ചനെയും രൂപതാ കേന്ദ്ര ത്തിലെ വിവിധ തിരക്കുകൾക്കിടയിലും ഏറെ ത്യാഗപൂർവ്വം വാളേരി കുരിശു പള്ളിയെ ആത്മീയവും ഭൗതികവുമായ വളർച്ചയിലേയ്ക്ക് നയിച്ച ബഹു. മനോജ് കവലക്കാടനച്ചനെയും നന്ദിയോടെ ഓർക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു.

പുതിയ കുരിശുപള്ളിയുടെ ബഹു. വികാരിയച്ചനെയും, കൈക്കാര ന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ, വി. അൽഫോൻസയുടെ മധ്യസ്ഥതയിലൂടെ ധാരാള മായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹ വാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2016 ഫെബ്രുവരി 10-ന് നൽകപ്പെട്ടത്.

**ഫാ. മനോജ് കവലക്കാടൻ**
വൈസ് ചാൻസലർ

**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

2016 മാർച്ച് 12-ാം തീയതി ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷനായി ബഹു. റവ.ഫാ. വർഗീസ് മുളകുടിയാങ്കൽ, സിസി ആത്മീയോപദേഷ്ടാവിന്റെ സാന്നിദ്ധ്യത്തിൽ ഓസാനാം ഭവനിൽവെച്ച് സിസി യോഗം ചേർന്നു. യോഗത്തിൽ മുൻ സിസി പ്രസിഡണ്ട് ബ്രദർ കെ.ജി. ജസ്റ്റിൻ അതിഥി ആയിരുന്നു.

യോഗത്തിൽ സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ പ്രാരംഭ പ്രാർത്ഥന നടത്തി സ്വാഗതം ആശംസിച്ചു. ബ്രദർ ജോസ് വട്ടുകുളത്തിൽ ജ്ഞാനവായന നടത്തി. ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷ സന്ദേശത്തിൽ മാനന്തവാടി സെൻട്രൽ കൗൺസിൽ, നിലവിലുള്ള ടീം കഴിഞ്ഞ അഞ്ചര വർഷം പിന്നിട്ടപ്പോൾ ഉണ്ടായ നേട്ടങ്ങളെകുറിച്ചും വീണ്ടും നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചും പരാമർശിച്ചു.

**നേട്ടങ്ങൾ**

1) ബഹു. ഇടവക വികാരി അച്ചന്മാരുമായി നല്ല ബന്ധം സ്ഥാപിച്ചുകൊണ്ട് കോൺഫറൻസുകളുടെ സുതാര്യമായ പ്രവർത്തനങ്ങളിൽ വിജയംകണ്ടു.
2) തിരുസഭ ആചരിച്ച വിവിധ വിശ്വാസാധിഷ്ഠിത പദ്ധതികളിൽ സജീവമായി ഉൾചേർന്നു പ്രവർത്തിച്ചു; കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം വിതരണം, പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു, മതബോധന ഗ്രന്ഥ വ്യാഖ്യാന ക്ലാസുകൾ സംഘടിപ്പിച്ചു, ദൈവവിളിയുടെ പ്രാധാന്യം ക്രിസ്തീയ ഭവനങ്ങളിൽ എത്തിച്ചു, സഭാമക്കളെ ആത്മീയ വളർച്ചയിലേക്ക് നയിക്കുന്ന സമർപ്പിതരെ ആദരിച്ച് പ്രോത്സാഹിപ്പിച്ചു മുതലായവ.

3) മാനന്തവാടി സിസിയുടെ മഹത്ത് പ്രൊജക്ടായ ഓസാനാംഭവൻ സുതാര്യമായ നടത്തിപ്പിനായി പദ്ധതികൾ ആവിഷ്കരിച്ചു. സ്പോൺസർഷിപ്പ് വ്യക്തികളുടെയും കുടുംബങ്ങളുടെയും വിശേഷ ഓർമ്മദിനങ്ങളിൽ ഓസാനാംഭവൻ അന്തേവാസികൾക്കൊപ്പം ഭക്ഷണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് സൗകര്യം ചെയ്തുകൊടുത്തു.
4) പണവും മറ്റ് സൗകര്യങ്ങളും ഉണ്ടെങ്കിലും സ്നേഹപൂർണ്ണമായ സംരക്ഷണം നൽകാൻ മക്കൾക്കോ മറ്റു ബന്ധുക്കൾക്കോ സാധിക്കാത്തതിനാൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വയോജനങ്ങളായ ദമ്പതികൾക്കും, ഏകസ്ഥർക്കും സംരക്ഷണം ഉറപ്പ് വരുത്തുന്ന "ഓസാനാം ഫാമിലി ഭവൻ" നടവയലിൽ ആരംഭിച്ചു.
5) ബത്തേരി മലങ്കര കത്തോലിക്കാ രൂപതയിലും കർണ്ണാടകയിലെ മണ്ഡ്യ രൂപതയിലും വിൻസെൻഷ്യൻ പ്രവർത്തനം ആരംഭിച്ചു.
6) അപകടങ്ങളാലോ, രോഗത്താലോ താൽക്കാലികമായി നടക്കുവാൻ ബുദ്ധിമുട്ടുള്ള വ്യക്തികളെ സഹായിക്കുവാൻ തിരികെ ഏല്പിക്കുന്ന വ്യവസ്ഥകളിൽ ആവശ്യമുള്ള ഇടവകകളിൽ വീൽ ചെയർ എത്തിച്ചു.
7) വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പരിചയപ്പെടുത്തുന്ന സെമിനാറുകളിൽ റവ.ഫാ. ബെന്നി മുതിരക്കാലാ, ബഹു. റവ.ഫാ. ജോൺസൺ പുതുശ്ശേരി, റവ.ഫാ. ജോയി തുരുത്തേൽ, റവ.ഫാ. ഷൈജു പള്ളിച്ചാംകുടി TOR എന്നീ വൈദികരും മറ്റ് അത്മായരും ക്ലാസെടുത്തു.
8) ഏസി, കോൺഫറൻസ് ഭാരവാഹികൾക്കായി നേതൃത്വപരിശീലന കളരി സംഘടിപ്പിച്ചു.
9) വിദേശ കോൺഫറൻസുമായി ബന്ധപ്പെട്ട് ഓസാനാം ഭവനിലേയ്ക്ക് ഒരു ആംബുലൻസ് വാഹനവും തദ്ദേശ സംഘടനയുമായി ബന്ധപ്പെട്ട് മറ്റൊരു വാഹനവും സംഘടിപ്പിച്ചു.
10) വിവിധ കോൺഫറൻസുകളിലേക്കായി വിദേശ കോൺഫറൻസുകളുമായി ബന്ധപ്പെട്ട് വിവിധ പ്രൊജക്ടുകൾ വാങ്ങി നൽകി.
11) കുടുംബനാഥന്റെ മദ്യപാനം നിമിത്തം തകർന്ന കുടുംബങ്ങളിലെ പഠിക്കാൻ മിടുക്കരായ കുട്ടികൾക്ക് പഠിക്കാൻ കാരുണ്യസ്പർശം സ്കോളർഷിപ്പ് നൽകി വരുന്നു.
12) സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി സിസി തലത്തിൽ എല്ലാ സമർപ്പിതരേയും ആദരിച്ചു.
13) യൂത്ത്/വനിത പ്രതിനിധികളെ വിവിധ സെമിനാറുകളിൽ പങ്കെടുപ്പിച്ചു.
14) സിസി തലത്തിൽ പരിശീലന ക്ലാസുകൾക്കായി "റിസോഴ്സ് പേഴ്സൺ" പരിശീലനം നൽകി തയ്യാറാക്കി.
15) ഒരു ഏസി, 37 പുതിയ കോൺഫറൻസുകൾ, ഒരു യൂത്ത് കോൺഫറൻസ്, 4 ജൂണിയർ കോൺഫറൻസുകൾ രൂപീകരിക്കുകയും നാല് കോൺഫറൻസുകളെ പുനർജീവിപ്പിക്കുകയും ചെയ്തു.

**നടപ്പിലാക്കേണ്ട ചില പദ്ധതികൾ**

a. ഓസാനാം ഭവനിൽ പുതിയ ബ്ലോക്ക് നിർമ്മാണത്തിൽ കോടികളുടെ പ്രവർത്തനവിജയം നേടിയെങ്കിലും അതിലേക്കായി 4 വ്യക്തികൾ വിശ്വാസ

പൂർവ്വം ലോൺ എടുത്ത് തന്ന സംഖ്യ പൂർണ്ണമായി അടച്ചു തീർക്കാൻ സാധിച്ചില്ല. ലോൺ തിരിച്ചടക്കേണ്ട ആവശ്യത്തിലേക്ക് സിസി പ്ലാൻ ചെയ്ത് ഏസി മുഖേന കോൺഫറൻസുകളിലേക്ക് അറിയിച്ച പ്രത്യേക ഫണ്ട് സ്വരൂപിക്കൽ 100% പൂർണ്ണമാക്കാൻ സാധിച്ചില്ല. ഏസി പ്രസിഡണ്ട്മാരുടേയും ഫണ്ട് സ്വരൂപിച്ച് നൽകാത്ത കോൺഫറൻസ് പ്രസിഡണ്ടുമാരുടെയും പ്രത്യേക സഹകരണം ആവശ്യമാണെന്ന് ഓർമ്മിപ്പിച്ചു.

b. ഓസാനാം ഭവനിൽ അടിയന്തരമായി നിറവേറ്റേണ്ട ആവശ്യങ്ങൾ

1. ഓസാനാം ഭവനിൽ നേരിടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ ഒരു കുഴൽക്കിണർ ഉടൻ കുഴിക്കണം.
2. അന്തേവാസികൾ ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ, അതായത് ബാത്ത്റൂം, ഹാൾ എന്നിവിടങ്ങളിൽ കൈപിടിച്ചു നടക്കാൻ റേലിംഗ് പിടിപ്പിച്ചുണ്ടാക്കണം.
3. കിടപ്പുരോഗികളെ കുളിപ്പിക്കുവാൻ ഒരു കുളിമുറി ഒന്നാം നിലയിൽ ഉണ്ടാക്കണം.
4. ഓസാനാം ഭവനിലെ വേസ്റ്റ് നിർമ്മാർജ്ജനത്തിനായി ബയോഗ്യാസ് പ്ലാന്റ് ഉണ്ടാക്കണം.

ഈ ആവശ്യങ്ങളിലേക്ക് പെട്ടെന്ന് സാമ്പത്തികസഹായം ലഭിക്കേണ്ടതുള്ളതുകൊണ്ട് ഏതെങ്കിലും ഏജൻസികൾ, സംഘടനകൾ, വ്യക്തികൾ എന്നിവരിൽനിന്നും സ്പോൺസർഷിപ്പ് നേടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആത്മീയോപദേഷ്ടാവ് ബഹു. റവ.ഫാ. വർഗീസ് മുളകുടിയാങ്കൽ അച്ചനും, സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങനും ആവശ്യപ്പെട്ടു.

**സിസി വാർഷികം**

മാനന്തവാടി സിസിയുടെ 38-ാമത് വാർഷികം 2016 മെയ് 10-ാം തീയതി ഓസാനാം ഭവനിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**38-ാ മത് സിസി വാർഷികത്തിൽ**

a. മുഖ്യാഥിതിയായി ബത്തേരി മലങ്കര കത്തോലിക്കാരൂപതയുടെ ഇടയൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് സാന്നിദ്ധ്യമുണ്ടായിരിക്കും.

b. മുൻ സിസി പ്രസിഡണ്ട്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കും.

c. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ അമ്പത് വർഷം സേവനം പൂർത്തിയാക്കിയ നിലവിലുള്ള പ്രവർത്തകരെ ആദരിക്കുന്നതായിരിക്കും.

38-ാ മത് സിസി വാർഷികറിപ്പോർട്ടിൽ ചേർക്കേണ്ടതായ ഏസിതല റിപ്പോർട്ടുകൾ 2016 മാർച്ച് 31-ന് മുമ്പായി സിസിയിൽ എത്തിക്കേണ്ടതാണ്.

**വിഹിതങ്ങൾ**

കോൺഫറൻസുകളിൽ നിന്നും വിഹിതങ്ങൾ സ്വരൂപിച്ച് ഏസിമുഖേന സിസിയിൽ എത്തിക്കേണ്ടതാണ് 2016 ഏപ്രിൽ 1-ാം തീയതി മുതൽ എല്ലാദിവസവും ഓസാനാം ഭവനിൽ വിഹിതങ്ങൾ സ്വീകരിക്കുന്നതാണ്.

a. 2.5% വിഹിതം
b. മെമ്പർഷിപ്പ് (ഒരാൾക്ക് ഒരുവർഷത്തേക്ക് 40 രൂപ)
c. ഓസാനാം ബുള്ളറ്റിൻ 20 രൂപ ഒരംഗത്തിന്
d. റീച്ചൗട്ട് 50 രൂപ ഒരു കോൺഫറൻസിന്

e. രൂപതാബുള്ളറ്റിൻ 120 രൂപ ഒരംഗത്തിന് ഒരുവർഷത്തേക്ക്
f. സിസി വർക്കിംഗ് ഫണ്ട്
g. സിസി വാർഷികം 250/- രൂപ ഒരു കോൺഫറൻസിന്

രൂപതാബുള്ളറ്റിൻ വരിസംഖ്യ, കോൺഫറൻസ് പ്രസിഡണ്ടു മാരുടെ പൂർണ്ണ മേൽവിലാസം പിൻകോഡ് സഹിതം സിസിയിൽ എത്തിക്കേണ്ട താണ്.

**സ്കോളർഷിപ്പ്**

വിദ്യാജ്യോതി സ്കോളർഷിപ്പ് അപേക്ഷ ഒരു ഏസിയിൽ നിന്നും രണ്ടെണ്ണം വീതം 2016 ഏപ്രിൽ 15-ന് മുമ്പ് സിസിയിൽ എത്തിക്കേണ്ടതാണ്.

**കരുണയുടെ വർഷം**

a. കരുണയുടെവർഷ പ്രവർത്തനപുരോഗതി ഏസി മുഖേന സിസിയിൽ എത്തിക്കേണ്ടതാണ്.
b. കരുണയുടെ വർഷപ്രവർത്തനത്തിൽ ഓസാനാം ഭവനിലേയ്ക്ക് പുതിയ സ്പോൺസർമാരേക്കൂടി കണ്ടെത്തേണ്ടതാണ്.

ഓസാനാം ഭവനിൽ ബോഡ് അംഗങ്ങളുടെ പ്രതിമാസ ചുമതലദിന ങ്ങൾ ഉത്തരവാദിത്വത്തോടെ നിറവേറ്റണം. സന്ദർശനവിവരം അപ്പോൾ തന്നെ സിസി പ്രസിഡണ്ടിനെ വിളിച്ചറിയിക്കണം.

ആത്മീയോപദേഷ്ടാവ് റവ. ഫാ. വർഗീസ് മുളകുടിയാങ്കൽ തന്റെ സന്ദേശത്തിൽ ആത്മീയതയിൽ ഉറച്ച പരസ്നേഹപ്രവർത്തന ങ്ങൾക്ക് പ്രചോദനം നൽകി. നിലവിൽ ഓസാനാം ഭവനിൽ നേരിടുന്ന സാമ്പത്തിക പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പരസ്പരസഹായനിധി തുടങ്ങാം എന്ന അഭിപ്രായം ഉന്നയിച്ചു. യോഗം ഐക്യകണ്ഠേന ആത്മീയോപദേഷ്ടാ വിന്റെ അഭിപ്രായത്തെ അംഗീകരിച്ചു.

ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ, സിസി ട്രഷറർ റിപ്പോർട്ട് അവതരി പ്പിച്ചു. ചർച്ചകൾക്ക് ശേഷം യോഗം പാസാക്കി. സിസിയുടെ 2016 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ കണക്കുകൾ അവതരിപ്പിച്ചു. നാൾവഴിയിലെ എഴുത്തുകളിൽ തിരുത്തലുകൾ നിർദ്ദേശിച്ചുകൊണ്ട് പാസാക്കി. ബ്രദർ വിൻസെന്റ് ജോൺസൺ ഓസാനാം ഭവൻ കണക്കുകൾ അവതരിപ്പിച്ചു. യോഗം പാസാക്കി. ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ കോൺഫറൻസ് ഏസി വാർഷിക റിപ്പോർട്ട് ഫോം പരിചയപ്പെടുത്തി. കോൺഫറൻസ്, ഏസി തല വാർഷികറിപ്പോർട്ട് 2016 ഏപ്രിൽ 15 ന് മുമ്പ് സിസിയിൽ എത്തിക്കേണ്ടതാണ്.

അടുത്ത സിസി മീറ്റിംഗ് 2016 ഏപ്രിൽ 14-ാം തീയതി ഓസാനാം ഭവനിൽ വെച്ച് രാവിലെ 10 മണിക്ക് ചേരാൻ തീരുമാനിച്ചു. അന്നേ ദിവസം സിസി ബോഡ് മെമ്പേഴ്സിന്റേയും ഏസി പ്രസിഡണ്ടുമാരുടേയും ഫോട്ടോ എടുക്കാൻ തീരുമാനിച്ചു.

വാർഷികാഘോഷത്തിന് വിവിധ കമ്മിറ്റികൾ 2016 ഏപ്രിൽ 14-ാം തീയതി രൂപികരിച്ച് ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**ഇന്റേണൽ ട്വിന്നിംഗ്**

| | | |
|---|---|---|
| a. സെന്റ് ആന്റണി | കുഞ്ഞോം | കല്ലോടി ഏസി |
| b. സെന്റ് ജോൺപോൾ II | തൃക്കൈപ്പറ്റ | കല്പറ്റ ഏസി |
| c. സെന്റ് അൽഫോൻസ | ഒറ്റപ്ലാവ് | കൊട്ടിയൂർ ഏസി |
| c. സെന്റ് ഫിലോമിന | ആലാറ്റിൽ | മാനന്തവാടി ഏസി |

എന്നീ കോൺഫറൻസുകൾക്ക് ഇന്റേണൽ ട്വിന്നിംഗ് നൽകാൻ തീരുമാനിച്ചു.

സാമൂഹ്യക്ഷേമ വകുപ്പ് തിരുവനന്തപുരത്ത് വെച്ച് നടത്തിയ പരിശീലന പരിപാടികളിൽ പങ്കെടുത്ത ബ്രദർ ബാബു നമ്പുടാകം ഓസാനാം ഭവനിൽ ക്രമീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു.

**വെയ്സ്റ്റ് നിർമ്മാർജനം**

ഓസാനാം ഭവന്റെ വെയ്സ്റ്റ് നിർമ്മാർജന പ്ലാന്റ് നിർമ്മാണത്തിനായി ഓസാനാം ഭവനോട് ചേർന്ന് ശ്രീ. ജോൺ ചെല്ലിയിൽ കൈവശമുള്ള ഏഴര സെന്റ് സ്ഥലം ഏഴര ലക്ഷം രൂപക്ക് (സെന്റൊന്നിന് ഒരു ലക്ഷം രൂപ വീതം) വാങ്ങാനും ഈ തുക മൂന്ന് വർഷത്തിനുള്ളിൽ കൊടുത്ത് തീർക്കാനും തീരുമാനിച്ചു. ഈ പദ്ധതിക്കായി കാരുണ്യപൂർവ്വം സാമ്പത്തിക സഹായം കണ്ടെത്തുവാൻ പരിശ്രമിക്കണമെന്ന് അഭിപ്രായപ്പെട്ടു.

**അനുമതി നൽകി**

ഓസാനാം ഭവനിൽ താഴെപറയുന്ന കാര്യങ്ങളിൽ യോഗം അനുമതി നൽകി:

a. ബയോഗ്യാസ് പ്ലാന്റ് ഉണ്ടാക്കുവാൻ.
b. കിടപ്പുരോഗികളെ കുളിപ്പിക്കുവാൻ കുളിമുറി.
c. കുടിവെള്ളത്തിനായ് കുഴൽകിണർ.

**യുവജനമത്സരങ്ങൾ**

സിസിതല യുവജനമത്സരങ്ങളിൽ വിജയികൾക്ക് ഒന്നാം സമ്മാനം 500/- രൂപയും രണ്ടാം സമ്മാനം 300/-രൂപയും കേരള റീജിയനിൽ പങ്കെടുത്ത മത്സരാർത്ഥിക്ക് 1000/- രൂപയും പാരിതോഷികം നൽകാൻ തീരുമാനിച്ചു. ഓസാനാം ഭവൻ ഗവേണിംഗ് ബോഡി മീറ്റിംഗ് 2016 ഏപ്രിൽ 5-ാം തീയതി ചേരാൻ തീരുമാനിച്ചു.

സിസി മീറ്റിംഗ് 2016 ഏപ്രിൽ 14-ാം തീയതി, അന്നുതന്നെ ഓസാനാം ഭവൻ ജനറൽ ബോഡി മീറ്റിംഗ് ചേരാനും തീരുമാനിച്ചു.

മുൻ സിസി പ്രസിഡണ്ട് ബ്രദർ കെ.ജി. ജസ്റ്റിൻ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് ആശംസകൾ അർപ്പിച്ചു.

**പുതിയ കോൺഫറൻസ്**

തലശ്ശേരി അതിരൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റേയും, മണ്ഡ്യ രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്റേയും നിർദ്ദേശപ്രകാരം, മാനന്തവാടി രൂപതാ ഇടയൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അനുവാദത്തോടും അനുഗ്രഹത്തോടും കൂടി മണ്ഡ്യ രൂപതയുടെ കത്തീഡ്രൽ ദേവാലയമായ ഹിങ്കൽ ഇൻഫന്റ് ജീസസ് ദേവാലയത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രഥമ കോൺഫറൻസ് രൂപീകരിച്ചു. 28-2-2016-ന് മണ്ഡ്യ രൂപത വികാരി ജനറാളും കത്തീഡ്രൽ വികാരിയുമായ റവ. ഫാ. മോൺ. ജോർജ് ആലുക്കായും, മണ്ഡ്യ രൂപതാ ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോസഫ് മറ്റത്തിലും ചേർന്ന് അർപ്പിച്ച ദിവ്യബലി മദ്ധ്യേ മാനന്തവാടി സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ ലോകത്തിലെ ഏറ്റവും വലിയ അത്മായ സംഘടനയായ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ചരിത്രവും കാരുണ്യ പ്രവർത്തനവും സ്വർഗ്ഗരാജ്യ പ്രവേശനവും വിലയിരുത്തി ക്ലാസ്സെടുത്തു. ദിവ്യബലിക്ക് ശേഷം ചേർന്ന യോഗത്തിൽ വികാരി ജനറാൾ മോൺ. ജോർജ് ആലുക്ക അദ്ധ്യക്ഷനായിരുന്നു.

രൂപത ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോസഫ് മറ്റം കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. മാനന്തവാടി സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ കോൺഫറൻസ് പ്രവർത്തനം വിവരിച്ചു.

**ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ**

a. ബ്രദ. ജോൺസൺ ജോസഫ് കൊട്ടുകാപ്പള്ളി - പ്രസിഡണ്ട്
b. ബ്രദ. മാർട്ടിൻ ചെമ്മാട്ടുകുഴി - വൈസ് പ്രസിഡണ്ട്
c. ബ്രദ. സോജൻ പോൾ ഗോപുരത്തിൽ - സെക്രട്ടറി
d. സി. സോജിത പ്രിൻസ് നെടുപ്ലാവിൽ - ജോ.സെക്രട്ടറി
e. ബ്രദ. പോൾ കല്ലേൽ - ട്രഷറർ

**തവിഞ്ഞാൽ**

മാനന്തവാടി ഏസിയിലെ തവിഞ്ഞാൽ സെന്റ് മേരീസ് ദേവാലയത്തിൽ പ്രവർത്തനമാന്ദ്യം സംഭവിച്ചിരുന്ന കോൺഫറൻസിനെ പുനർജീവിപ്പിച്ചു. ദിവ്യബലിമദ്ധ്യേ ഇടവകവികാരി ബഹു. ഫാ. ആന്റോ മമ്പള്ളിൽ പരിശുദ്ധ ഫ്രാൻസീസ് പാപ്പയുടെ കാരുണ്യവർഷ പ്രഖ്യാപനത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനത്തിന്റെ പ്രാധാന്യം വളരെ വലുതാണെന്നന് ഓർമ്മിപ്പിച്ചു. ദിവ്യബലിക്ക് ശേഷം ബ്രദ. അഗസ്റ്റിൻ കൊടിയംകുന്നേൽ. സിസി ജനറൽ സെക്രട്ടറി, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും കാരുണ്യപ്രവർത്തനവും ദൈവവിഹിതവും വിലയിരുത്തി ക്ലാസ്സെടുത്തു. സിസി പ്രസിഡണ്ട് ബ്രദ. തോമസ് മാങ്ങൻ പരസ്നേഹ പ്രവർത്തനങ്ങളെ വിലയിരുത്തി. ബഹു. റവ. ഫാ. ആന്റോ മമ്പള്ളിൽ കോൺഫറൻസുകളുടെ ഉദ്ഘാടനം നിർവഹിച്ചു.

**ഭാരവാഹികൾ - സെന്റ് തോമസ് കോൺഫറൻസ്**

a) ബ്രദ: ജോണി ജോൺ നിരപ്പത്ത് - പ്രസിഡണ്ട്
b) ബ്രദ: ജോർജ് പാറക്കൽ - വൈസ് പ്രസിഡണ്ട്
c) ബ്രദ: ജോസ് കുറുമ്പാലക്കാട്ട് - സെക്രട്ടറി
d) ബ്രദ: വിത്സൺ കുറിയിടത്ത് - ജോ. സെക്രട്ടറി
e) ബ്രദ: ജോസഫ് കൈനിക്കുന്നേൽ - ട്രഷർ

**സെന്റ് മദർ തെരേസ്സ കോൺഫറൻസ്**

a) സി. ട്രീസാ ബെന്നി ചിറ്റേത്ത് - പ്രസിഡണ്ട്
b) സി. ഫിലോമിന പാരിക്കിലാത്ത് - വൈസ് പ്രസിഡണ്ട്
c) സി. മേരി വടയാപറമ്പിൽ - സെക്രട്ടറി
d) സി. റോസക്കുട്ടി കുറിയിടത്ത് - ജോ. സെക്രട്ടറി
e) സി. മിനി തായിത്തറ - ട്രഷർ

**ഓസാനാം ഭവൻ രാത്രി സേവനം**

**പുൽപ്പള്ളി ഏസി**

| | | |
|---|---|---|
| 13-4-2016 | സെന്റ് മേരീസ് | മരകാവ് |
| 14-4-2016 | സാന്തോം | മരകാവ് |
| 15-4-2016 | സെന്റ് ആഗ്നസ് | മുള്ളൻകൊല്ലി |
| 16-4-2016 | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |
| 17-4-2016 | സെന്റ് ജൂഡ് | അമരക്കുനി |
| 18-4-2016 | ഇൻഫന്റ് ജീസസ് | പട്ടാണികൂപ്പ് |

**തരിയോട് ഏസി**

| | | |
|---|---|---|
| 19-4-2016 | സെന്റ് ഫ്രാൻസീസ് അസീസി | മഞ്ഞൂറ |
| 20-4-2016 | സെന്റ് തെരേസ്സ | തരിയോട് |

| | | |
|---|---|---|
| 21-4-2016 | സെന്റ് തോമസ് (യൂത്ത്) | തരിയോട് |
| 22-4-2016 | സെന്റ് തോമസ് | ചെന്നലോട് |
| 23-4-2016 | സെന്റ് മേരീസ് | ചെന്നലോട് |
| 24-4-2016 | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 25-4-2016 | സെന്റ് ജോർജ് | കോട്ടത്തറ |
| 26-4-2016 | ലൂർദ്ദ്മാതാ | കാവുംമന്ദം |
| **തോണിച്ചാൽ ഏസി** | | |
| 27-4-2016 | ലിറ്റിൽഫ്ളവർ | ചെറുകാട്ടൂർ |
| 28-4-2016 | സെന്റ് അൽഫോൻസ | ദ്വാരക |
| 29-4-2016 | സെന്റ് ആന്റണി | ദ്വാരക |
| 30-4-2016 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 1-5-2016 | സെന്റ് മേരീസ് | തോണിച്ചാൽ |
| 2-5-2016 | സെന്റ് തെരേസ്സ | കൊമ്മയാട് |
| 3-5-2016 | സെന്റ് മേരീസ് | കാരക്കാമല |
| **വാഴവറ്റ ഏസി** | | |
| 4-5-2016 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 5-5-2016 | സെന്റ് ഫ്രാൻസീസ് അസീസി | മീനങ്ങാടി |
| 6-5-2016 | അമലോത്ഭവമാതാ | വാഴവറ്റ |
| 7-5-2016 | സെന്റ് ഡൊമിനിക് സാവ്യോ | വാഴവറ്റ |
| 8-5-2016 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 9-5-2016 | സെന്റ് ജോർജ് | കൊളവയൽ |
| 10-5-2016 | ക്രിസ്തുരാജ | കരണി |
| 11-5-2016 | സെന്റ് ജോസഫ് | തെനേരി |
| 12-5-2016 | സെന്റ് മേരീസ് | തെനേരി |
| **ഓസാനാംഭവൻ സന്ദർശനം** | | |
| **പുൽപ്പള്ളി ഏസി** | | |
| 16-4-2016 | സെന്റ് മേരീസ് | മരകാവ് |
| 18-4-2016 | സാന്തോം | മരകാവ് |
| 20-4-2016 | സെന്റ് ആഗ്നസ് | മുള്ളൻകൊല്ലി |
| 22-4-2016 | സെന്റ് മേരീസ് | മുള്ളൻകൊല്ലി |
| 24-4-2016 | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |
| 26-4-2016 | സെന്റ് ജൂഡ് | അമരക്കുനി |
| 28-4-2016 | ഇൻഫന്റ് ജീസസ് | പട്ടാണികൂപ്പ് |
| **തരിയോട് ഏസി** | | |
| 30-4-2016 | സെന്റ് ഫ്രാൻസീസ് അസീസി | മഞ്ഞൂറ |
| 2-5-2016 | സെന്റ് തെരേസ | തരിയോട് |
| 4-5-2016 | സെന്റ് തോമസ് (യൂ) | തരിയോട് |
| 6-5-2016 | സെന്റ് തോമസ് | ചെന്നലോട് |
| 8-5-2016 | സെന്റ് മേരീസ് | ചെന്നലോട് |
| 10-5-2016 | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 12-5-2016 | ലൂർദ്ദ്മാതാ | കാവുംമന്ദം |
| 14-5-2016 | സെന്റ് ജോർജ് | കോട്ടത്തറ |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും വാർഷികാഘോഷത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് പ്രാർത്ഥനയോടെ സഹോദരൻ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ** - സിസി പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി കാര്യക്ഷമമായി മുന്നേറുന്നു. ഈ മാസം ആടുവളർത്തൽ, ജലസേചനം, കിണർ നിർമ്മാണം, ജലസേചന കിണർ നന്നാക്കൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകി. കൂടാതെ പൊതുബോധവത്ക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പ്, പച്ചമരുന്ന് നിർമ്മാണം, സാക്ഷരതാ പരിപാടി, നിയമബോധവത്ക്കരണ സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു.

**സാമ്പത്തിക സാക്ഷരതാ ശില്പശാല**

നബാർഡ് ഈ സാമ്പത്തിക വർഷം 5 സാമ്പത്തിക സാക്ഷരതാ ശില്പശാല നടത്തുവാൻ WSSS ന് അംഗീകാരം നൽകി. ബ്ലാക്കിംഗ് സംവിധാനം, വിവിധ ക്ഷേമപദ്ധതികൾ എന്നിവയെക്കുറിച്ച് ബ്ലാക്കിംഗ് മേഖലയിലെ വിദഗ്ദർ ക്ലാസുകൾക്ക് നേതൃത്വം നൽകി. നബാർഡ് ജില്ലാ മാനേജർ ശ്രീ. സജികുമാർ ശില്പശാല ഉദ്ഘാടനം ചെയ്തു. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ എടമുണ്ട, കുഞ്ഞോം, കോറോം, കരിമ്പിൽ, കാഞ്ഞിരങ്ങാട് എന്നിവിടങ്ങളിലാണ് പരിശീലനം നടന്നത്. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ്, ബൈജു ഐസക് എന്നിവർ നേതൃത്വം നൽകി.

**പദ്ധതി രൂപീകരണ ശില്പശാല**

കാരിത്താസ് ഇന്ത്യ മാനന്തവാടി, ബത്തേരി, കോഴിക്കോട്, താമരശ്ശേരി രൂപതകളിൽ അടുത്ത 3 വർഷക്കാലം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഉൾച്ചേർത്തുകൊണ്ട് പദ്ധതി രൂപീകരിക്കുന്നതിനായി, ഒരു യോഗം WSSS ൽ വെച്ച് നടന്നു. ബത്തേരി, കോഴിക്കോട്, താമരശ്ശേരി, മാനന്തവാടി എന്നീ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികളിലെ പ്രോഗ്രാം ഓഫീസേഴ്സ് ശില്പശാലയിൽ പങ്കെടുത്തു. കാരിത്താസ് ഇന്ത്യയിലെ ഡോ. ഹരിദാസ്, ശ്രീ. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**ജനകീയസംഘാടനം**

വനിതാ സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വായ്പ സംവിധാനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും ഫെബ്രുവരി 25-ാം തീയതി ബാങ്ക് മാനേജേഴ്സിന്റെ ഒരു യോഗം WSSS ൽ വച്ച്

നടത്തി. നബാർഡ് ജില്ലാ മാനേജർ എൻ.എസ്. സജികുമാർ, ലീഡ് ബാങ്ക് മാനേജർ എൻ.വി. രവീന്ദ്രൻ എന്നിവർ നേതൃത്വം നൽകി. പദ്ധതിയിൽ പങ്കാളികളായ എല്ലാ മാനേജർമാരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

കൽപറ്റയിൽ വെച്ചുനടന്ന ജില്ലാതല ബാങ്ക് അവലോകന യോഗത്തിൽ WSSS നെ പ്രതിനിധീകരിച്ച് ആലീസ് സിസിൽ പങ്കെടുത്തു. വിവിധ ബ്ലോക്കുകളിലായി നടന്ന ബ്ലോക്ക്തല ബാങ്ക് അവലോകനയോഗങ്ങളിൽ തോമസ് പി.ഡി, ആലീസ് സിസിൽ എന്നിവർ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യസംഘടനയായ കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

**ക്ഷേമനിധി**

കേരള ടൈലറിംഗ് വർക്കേഴ്സ് ഫോറത്തിന്റെ (KTWF) അംഗത്വം പുതുക്കൽ ഈ മാസം പുരോഗമിക്കുന്നു. അംശാദായം അടയ്ക്കാൻ താമസിച്ച് അംഗത്വം നഷ്ടപ്പെട്ടവർക്ക് അംഗത്വം പുനസ്ഥാപിക്കാനുള്ള ക്രമീകരണം നടത്തി.

**കേരള ചെറുകിടതോട്ടം തൊഴിലാളി ഫോറം**

കേരള ചെറുകിടതോട്ടം തൊഴിലാളി ഫോറം തൊഴിലാളികളുടെ 2016-ലെ അംശാദായം സ്വീകരിച്ചു തുടങ്ങി. 2 തൊഴിലാളികളുടെ പെൻഷന് അപേക്ഷ സമർപ്പിച്ചു.

**സ്വാവലംബൻ (സുരക്ഷാപദ്ധതി)**

സ്വാവലംബൻ, സുരക്ഷാപദ്ധതിയിൽ അംഗങ്ങളായവരുടെ അംഗത്വം പുതുക്കൽ നടപടി പൂർത്തിയായി.

**ഭരണസമിതിയോഗം**

2016 മാർച്ച് 16-ാം തീയതി മാനന്തവാടി രൂപതയുടെ കേരള ലേബർ മൂവ്മെന്റിന്റെ ഭരണസമിതിയോഗം മാനന്തവാടി WSSS ഓഫീസിൽ വെച്ച് നടക്കുന്നതാണ്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ മേഖലാതലാ യോഗങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കായ് ഫെബ്രുവരി 5-ാം തീയതി WSSS മാനന്തവാടി ഓഡിറ്റോറിയത്തിൽ ഒരു യോഗം നടത്തി. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി. എ. ജോസ് യോഗം ഉദ്ഘാടനം ചെയ്തു. ഭക്ഷണസാധനങ്ങളിലെ മായം എന്ന വിഷയത്തേക്കുറിച്ച് DDU-GKY ഭക്ഷ്യസംസ്കരണ കോഴ്സ് അദ്ധ്യാപിക കുമാരി സോണിയ ക്ലാസെടുത്തു.

സ്വാവലംബൻ പെൻഷൻ പദ്ധതിയിൽ പങ്കാളികളായ സേവ് എ ഫാമിലി പ്ലാൻ കുടുംബങ്ങൾ 2016 മാർച്ച് 31 ന് മുൻപ് പദ്ധതി പുതുക്കേണ്ടതാണ്.

## DDU - GKY

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യ രാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി യുള്ള ഒരു പദ്ധതിയാണ് ദിൻ ദയാൽ ഉപധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU-GKY). തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവ ജനങ്ങളെ 2020 ആകുമ്പോഴേക്കും വിവിധ മേഖലകളിൽ പ്രായോഗിക രാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യം വെയ്ക്കു ന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ ഫാഷൻ ഡിസൈൻ ടെക്നോളജി, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സു കൾ നടത്തുന്നു.

ഈ കോഴ്സ് പൂർണമായും സൗജന്യമാണ്. പഠനം നന്നായി പൂർത്തി യാക്കുന്ന എല്ലാവർക്കും NCVT സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. ഈ കോഴ്സിനു വരുന്ന എല്ലാവർക്കും ദിവസം 100 രൂപ വീതം യാത്രാബത്ത നൽകുന്നതാണ്.

ഫാഷൻ ഡിസൈൻ ടെക്നോളജിയുടെ രണ്ടാം ബാച്ചും ഫുഡ് പ്രോസസ്സിംഗിന്റെ രണ്ടാം ബാച്ചും പഠനം പൂർത്തിയാക്കി വിവിധ കമ്പനി കളിൽ ജോലിക്ക് പോകാൻ തുടങ്ങി. ഫാഷൻ ഡിസൈൻ ടെക്നോളജി യുടെ മൂന്നാം ബാച്ച് മാർച്ച് ഒന്നിനു ആരംഭിച്ചു. ഫുഡ് പ്രോസസ്സിംഗിന്റെ പുതിയ ബാച്ചിലേക്ക് കുട്ടികളെ ആവശ്യം ഉണ്ട്. താല്പര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

### വികാസ് പീഡിയ മാർച്ച് 2016 റിപ്പോർട്ട്

ശാസ്ത്രപുരോഗതി സാധാരണ ജനങ്ങൾക്ക് ലളിതമായി ലഭ്യമാക്കുക വഴി സാമൂഹ്യ പുരോഗതി കൈവരിക്കുകയെന്ന ലക്ഷ്യത്തിലേക്ക് മുന്നേ റുന്ന വികാസ് പീഡിയ കേരള മലയാളം പോർട്ടലിന്റെ കഴിഞ്ഞ ആറുമാസ ക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനായി സി. ഡാക് ഹൈദ്രാ ബാദ് ടീം ഈ മാസത്തിൽ സന്ദർശനം നടത്തുകയുണ്ടായി. ഈ മാസം 8, 9, തീയതികളിൽ സന്ദർശനത്തിനെത്തിയ 3 അംഗ ടീമിന് വികാസ് പീഡിയ ടീം അംഗങ്ങളുടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റാഫംഗ ങ്ങളും ചേർന്ന് ഊഷ്മളമായ സ്വീകരണമാണ് നൽകിയത്. വികാസ്പീഡിയ മലയാളം വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിയശേഷം പ്രവർത്ത നങ്ങളിൽ ടീമിനുണ്ടായ സംതൃപ്തി രേഖപ്പെടുത്തി വരും മാസങ്ങളിൽ കൂടു തൽ ആത്മവിശ്വാസത്തോടെ മുന്നേറുവാനുള്ള താൽപര്യവും ടീം സന്ദർശനം വഴി ലഭിച്ചു. വികാസ് പീഡിയ ഡയറക്ടറും, WSSS ഡയറക്ടറുമായ ഫാ. ബിജോ കറുകപള്ളി വികാസ് പീഡിയ പ്രവർത്തനങ്ങളെ വിലയിരുത്തി ഭാവി പരിപാടികളുടെ രൂപരേഖ അവതരിപ്പിക്കുകയും ചെയ്തു. വയനാട് ജില്ലാ കലക്ടറുമായുള്ള പ്രത്യേക കൂടികാഴ്ചയിൽ സി. ഡാക് ടീം വയനാട്ടിൽ കാർഷിക മേഖലയിലും, ആരോഗ്യമേഖലയിലും നടപ്പിലാക്കാൻ ഉദ്യേശി

ക്കുന്ന 2 മൊബൈൽ ആപ്ലിക്കേഷനുകളെ പരിചയപ്പെടുത്തി. കൂടാതെ ബയോവിൻ ആഗ്രോ റിസർച്ച് സെന്റർ, റേഡിയോ മാറ്റൊലി സ്റ്റേഷൻ സന്ദർശനങ്ങളും നടത്തുകയുണ്ടായി. വികാസ് പീഡിയായുടെ ജില്ലാതല ബോധവത്ക്കരണം, ഏകദിനബോധവത്ക്കരണ ശില്പശാല മാർച്ച് 7-ാം തീയതി പാലക്കാട് പാസ്റ്റർ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പാലക്കാട് പീപ്പിൾസ് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഷാജി മാവുങ്കൽ ശില്പശാല ഉദ്ഘാടനം ചെയ്തു. വികാസ് പീഡിയയുടെ കൂടുതൽ വിവരങ്ങൾക്കായി ml. vikesped.in സന്ദർശിക്കുക

**ജലനിധി എടവകഗ്രാമപഞ്ചായത്ത്**

**സഹായ സംഘടന: വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മാനന്തവാടി**

2013 ഏപ്രിൽ മാസത്തിലാണ് എടവക ഗ്രാമപഞ്ചായത്തിൽ ജലനിധി പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് വിശേഷാൻ ഗ്രാമസഭകൾ, ക്ലസ്റ്റർ യോഗങ്ങൾ സർവ്വെ എന്നിവയിലൂടെ കണ്ടെത്തിയ 2538 ഗുണഭോക്താക്കളെ 46 ഗുണഭോക്തൃ സമിതികളായി രജിസ്റ്റർ ചെയ്യുകയും ചെയ്തു. 46 ഗുണഭോക്തൃസമിതികൾക്കായി 14 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ 9 സിംഗിൾ ബി. ജി. പദ്ധതികളും, 5 മൾട്ടി ബി. ജി. പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. കുടിവെള്ള പദ്ധതികൾക്കു പുറമെ GWR പദ്ധതികളും, Sanitation പദ്ധതികളും ജലനിധിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

14 കുടിവെള്ള പദ്ധതിയിൽ 10 എണ്ണം പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുകയും ചെയ്തു. ബാക്കി വരുന്ന 4 എണ്ണത്തിന്റെ പ്രവൃത്തി മാർച്ച്, ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യുവാൻ സാധിക്കും. GWR പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിയൂർക്കാവിൽ ഉണ്ടായിരുന്ന ചെക്ക് ഡാമിന്റെ പുനരുദ്ധാരണവും, 6 റൂഫ് വാട്ടർ ഹാർവെസ്റ്റിന്റെ പണിയും പൂർത്തികരിച്ചു. സാനിട്ടേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാണ്ടിക്കടവിൽ ആധുനിക കാലിചന്തയും സാനിട്ടേഷൻ കോംപ്ലക്സും പണിതു. നിലവിൽ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയ പദ്ധതികളും exit നടപടികൾ പുരോഗമിച്ചുവരികയുമാണ്.

**ബയോ-ഗ്യാസ് വികസന പദ്ധതി**

ചെറുപുഴ, ഒഴക്കോടി, വെൺമണി, ചെറ്റപ്പാലം, മുന്നാനക്കുഴി, മുത്തുമാരി, പുതുശ്ശേരിക്കടവ്, തുടങ്ങിയ സ്ഥലങ്ങളിൽ ബയോ-ഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും, 6 ബയോ-ഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയം ചെയ്തു.

**ചങ്ങാതിക്കൂട്ടം പരിശീലനം**

കേന്ദ്ര നാളികേരബോർഡും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി നടപ്പാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം 15-02-2016 മുതൽ 20-02-2016 വരെ ബോയ്സ് ടൗൺ പരിശീലന കേന്ദ്രത്തിൽ നടന്നു. 19 പേർ പങ്കെടുത്തു.

**ഫാ. ബിജോ കറുകപ്പള്ളി** - ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

## ജൈവകൃഷി വ്യാപനപദ്ധതിയും അനുബന്ധ മേഖലകളും

**ജൈവകൃഷി, സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

WSSS നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയിലേയ്ക്ക് ഫെബ്രുവരി മാസം 39 കർഷകർകൂടി പുതുതായി അംഗങ്ങളാവുകയും അവർക്കായി ജൈവകൃഷി പരിചയപ്പെടുത്തുകയും അവശ്യമായ പരിശീലന ക്ലാസുകൾ നൽകുകയും ചെയ്തു. നിലവിൽ 11814 കർഷകർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ICS (ആന്തരിക നിയന്ത്രണ സംവിധാനം) കളുടെ സർട്ടിഫിക്കേഷൻ പുതുക്കുന്നതിന്റെ ഭാഗമായി നടത്തിയിരുന്ന എക്സ്റ്റേണൽ ഓഡിറ്റ് ലാക്കോൺ സർട്ടിഫിക്കേഷൻ ഏജൻസി ഓഡിറ്റർമാരായ ശ്രീ. അഖിൽ ബോബി, ശ്രീ. ചേതൻ. ശ്രീ. പ്രകാശ് എന്നിവർ പൂർത്തികരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വില്ലേജ് ഫാം ക്ലബ്ബുകളുടെ മീറ്റിംഗുകൾ ചെറുകാട്ടൂർ, കൂളിവയൽ, മുതിരേരി, തിണ്ടുമ്മൽ, തവിഞ്ഞാൽ, വാളാട്, കാടൻകൊല്ലി, പഴൂർ, ചീരാൽ, പൊഴുതന, പത്താംമൈൽ, കരിങ്കുറ്റി, തോമാട്ടുചാൽ, മരക്കടവ്, എന്നിവിടങ്ങളിൽ നടന്നു. ജൈവകീട-രോഗ നിയന്ത്രണം, വിളവെടുപ്പ്, ജൈവ ഉത്പന്നങ്ങൾ സൂക്ഷിക്കേണ്ട വിധം, വാരാണാസി കമ്പോസ്റ്റ് നിർമ്മാണം തുടങ്ങിയ വിഷയങ്ങളിൽ ഫീൽഡ് ഓഫീസർമാർ ക്ലാസുകൾ നല്കി.

**കാപ്പി കർഷകർക്ക് സെമിനാർ സംഘടിപ്പിച്ചു**

മാനന്തവാടി പഞ്ചായത്തിലെ കാപ്പി കർഷകർക്കുവേണ്ടി കുഴിനിലം കോഫി ബോർഡിൽ വച്ച് സെമിനാർ സംഘടിപ്പിച്ചു. കോഫി ബോർഡ് സീനിയർ ലെയ്സൺ ഓഫീസർ ശ്രീ. മുഹമ്മദ് യാസിഫ്, ശീമതി മഹിജ എന്നിവർ കോഫി പ്ലാന്റിംഗ്, ബഡ്ഡിംഗ്, പ്രൂണിംഗ്, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നല്കുകയും കർഷകരെ പരിശീലിപ്പിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 25 കർഷകർ സെമിനാറിൽ പങ്കെടുത്തു.

പുൽപ്പള്ളി പഞ്ചായത്തിലെ കർഷകർക്കുവേണ്ടി ശീമതി സുജയുടെ നേതൃത്വത്തിൽ അമരക്കുനിയിൽ വെച്ച് സെമിനാർ സംഘടിപ്പിച്ചു. 35 കർഷകർ സെമിനാറിൽ പങ്കടുത്തു.

**മറ്റ് പരിശീലനങ്ങൾ**

ജൈവ രീതിയിൽ കാപ്പി, കുരുമുളക് സംരക്ഷണം, നടീൽ രീതി, പരിചരണം, വളപ്രയോഗം, കീട-രോഗ നിയന്ത്രണം എന്നീ വിഷയങ്ങളിൽ

ഫീൽഡ് ഓഫീസർമാർക്കും, ഗ്രൂപ്പ് ലീഡേർസിനും, ICS കോർഡിനേറ്റർ ശ്രീമതി അമ്പിളിയുടെ നേതൃത്വത്തിൽ പരിശീലനം സംഘടിപ്പിച്ചു. തിരുവനന്തപുരം ഏക ഓർഗാനിക് സൊലൂഷൻസിലെ റിസോർസ് പേഴ്സന്മാരായ ശ്രീമതി ആർദ്ര, ശ്രീ. ജയറാം, ശ്രീ. നിധിൻ ശ്രീകുമാർ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി (കുസാറ്റ്) വിദ്യാർത്ഥികളായ കുമാരി ആർഷ, കുമാരി നിസ എന്നിവർ മണ്ണ് പരിശോധന, കീടരോഗ നിയന്ത്രണം എന്നീ വിഷയങ്ങളിൽ ഫീൽഡ് ഓഫീസേഴ്സിന് ദ്വിദിന പരിശീലനം നല്കി.

**എക്സ്റ്റേണൽ ഓഡിറ്റ്**

ജൈവ ഉത്പന്നങ്ങൾ സംസ്കരിച്ച ഇന്ത്യ, അമേരിക്ക, യൂറോപ്പ്, എന്നീ രാജ്യങ്ങളിൽ വിപണനം നടത്തുന്നതിനാവശ്യമായ NPOP, NOP EU സർട്ടിഫിക്കറ്റുകൾ പുതുക്കുന്നതിനാവശ്യമായ ഓഡിറ്റ് ലാക്കോൺ ഓപ്പറേഷൻസ് മാനേജർ ശ്രീ. അനിൽ മാത്യു, ഓഡിറ്റർ ശ്രീ. അഖിൽ എന്നിവർ നടത്തി.

**വോഫ**

WSSS ഓർഗാനിക് ഫാർമേഴ്സ് അസോസിയേഷൻ ജൈവ-ഫെയർട്രേഡ് ഉത്പന്നങ്ങളുടെ സംഭരണം, വിപണനം, എന്നീ മേഖലയിൽ ശ്രദ്ധേയമായ മുന്നേറ്റം 2016 ഫെബ്രുവരി മാസം കാഴ്ചവെച്ചു. സംഘടനയിൽ അംഗങ്ങളായ കർഷകരിൽ നിന്നും പൊതുവിപണിയേക്കാൾ കാപ്പി കിലോഗ്രാമിന് 3 രൂപ മുതൽ 6 രൂപ വരെയും കുരുമുളക് 15 രൂപ, ഇഞ്ചി ചാക്കിന് 1050 രൂപ, മഞ്ഞൾ കിലോഗ്രാമിന് 20 രൂപ, തിപ്പലി 200 രൂപ, ഗ്രാമ്പു 500 രൂപ അധിക വില നല്കി സംഭരിച്ചു.

**ഫെബ്രുവരി മാസത്തെ സംഭരണ വിശദാംശങ്ങൾ**

| | | | |
|---|---|---|---|
| കാപ്പി | - | 490263 | കിലോഗ്രാം |
| കുരുമുളക് | - | 12195.5 | കിലോഗ്രാം |
| ഇഞ്ചി | - | 16973.5 | കിലോഗ്രാം |
| മഞ്ഞൾ | - | 2347.3 | കിലോഗ്രാം |
| തിപ്പെല്ലി | - | 12.7 | കിലോഗ്രാം |
| ഗ്രാമ്പു | - | 38.3 | കിലോഗ്രാം |

**കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ സർവ്വെ സ്റ്റഡി**

അന്താരാഷ്ട്ര സംഘടനയായ ഫെയർട്രേഡ് ലേബലിങ്ങ് ഓർഗനൈസേഷനിൽ (FLO) നിന്നും ഫെയർട്രേഡ് ഉത്പന്നങ്ങളുടെ ഉദ്പാദനചെലവു പഠിക്കുന്നതിനായി 2016 ഫെബ്രുവരി മാസം 10-ാം തീയതി മുതൽ 13-ാം തീയതി വരെ വോഫയിൽ അംഗങ്ങളായ കർഷകരെ കാണുകയും കർഷകരിൽ നിന്നും ഉത്പാദന ചെലവിന്റെ വിശദാംശങ്ങൾ നേരിട്ടു മനസ്സിലാക്കുകയും ചെയ്തു.

**വാരണാസി കമ്പോസ്റ്റ് നിർമ്മാണം**

ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വോഫയിൽ അംഗങ്ങളായ കർഷകരുടെ ഗ്രൂപ്പുകൾ ജൈവവളം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം (10 ടൺ ജൈവവളം നിർമ്മിക്കുന്ന ഗ്രൂപ്പിന് 25000 രൂപ വീതം) നൽകി. സംഘടനയ്ക്ക് ലഭിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിച്ച് ഫോട്ടോ സഹിതം ഓഫീസിൽ ഹാജരാക്കിയ ജീവ വില്ലേജ് ഫാംക്ലബ്, കുനിക്കരച്ചാൽ, ഗ്രീൻ ഓർഗാനിക് ഫാർമേഴ്സ് അസോസിയേഷൻ, മുള്ളൻകൊല്ലി, സഹൃദയ ഫാം ക്ലബ് പുതുശ്ശേരി എന്നീ സംഘങ്ങൾക്ക് 25000 രൂപ വീതം വിതരണം ചെയ്തു.

**ബിസിനസ് മീറ്റിംഗ്**

**1. ബയോഫാക് ജർമ്മനി**

ജർമ്മനിയിൽ വെച്ചുനടന്ന അന്താരാഷ്ട്ര തലത്തിൽ ജൈവ ഉത്പന്നങ്ങളുടെ വിപണന സാധ്യതകൾക്കായി സംഘടിപ്പിച്ച 'ബയോഫാക്' ബിസിനസ് മീറ്റിംഗിൽ 2016 ഫെബ്രുവരി മാസം 10-ാം തീയതി മുതൽ 13-ാം തീയതി വരെ ബയോവിൻ അഗ്രോറിസർച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ, മാർക്കറ്റിംഗ് മാനേജർ ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ പങ്കെടുത്തു. 'ബയോഫാക് 2016' ൽ പങ്കെടുത്തതിന്റെ ഫലമായി ജർമ്മനിയിലെ ഏറ്റവും വലിയ സുഗന്ധവ്യഞ്ജനങ്ങളുടെ വിപണനം ചെയ്യുന്ന കമ്പനിയിൽ നിന്നുമുള്ള പ്രതിനിധികളെ കാണുന്നതിനും കുരുമുളക്, മഞ്ഞൾ എന്നീ ഉത്പന്നങ്ങൾക്ക് ഓഡറുകൾ നേടിയെടുക്കുന്നതിനും സാധിച്ചു.

**2. വേൾഡ് സ്പൈസസ് കോൺഗ്രസ്, അഹമ്മദാബാദ്**

സുഗന്ധവ്യഞ്ജനങ്ങളുടെ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനായി നടത്തപ്പെടുന്ന വേൾഡ് സ്പൈസസ് കോൺഗ്രസ് 2016 ഫെബ്രുവരി മാസം 26 മുതൽ 29 വരെ അഹമ്മദാബാദിൽ വെച്ചു നടന്നു. പ്രസ്തുത ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നതിനും, വിപണി കണ്ടെത്തുന്നതിനുമായി ബയോവിൻ അഗ്രോ റിസർച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ, മാർക്കറ്റിംഗ് മാനേജർ ശ്രീ, വിനീഷ് വണ്ടന്നൂർ എന്നിവർ പങ്കെടുത്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ ബയോവിൻ അഗ്രോ റിസർച്ച്

**മാലിന്യ വിമുക്ത ദ്വാരക മനോഹര മാതൃക**

ക്ലീൻ സിറ്റി കാംപെയ്ൻ ദ്വാരക എന്ന പദ്ധതിയുടെ ഭാഗമായി ദ്വാരക ടൗൺ ശുചീകരണത്തെകുറിച്ചാലോചിക്കാൻ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുത്തേന്റെ നേതൃത്വത്തിൽ എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാവിജയന്റെ അദ്ധ്യക്ഷതയിൽ റേഡിയോ മാറ്റൊലി കോൺഫറൻസ് ഹാളിൽ ഫെബ്രുവരി 26-ാം തിയതി ഒരു യോഗം സംഘടിപ്പിച്ചു. എടവക ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. നജുമുദ്ദീൻ മൂടമ്പത്ത്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ആമിന അവറാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ ജിൽസൺ തൂപ്പുംകര, 12 -ാം വാർഡ് മെമ്പർ ശ്രീമതി സുബൈദ പുളിയോടിയിൽ, ശ്രീ. ജസ്റ്റിൻ ബേബി, ശ്രീ. കെ.ടി പ്രകാശ്, റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോസ് കാവുങ്കൽ, ഫാ. മനോജ് കാക്കോനാൽ, ഫാ. ജസ്റ്റിൻ മാത്യു എന്നിവരും, ദ്വാരകയിലെ വിവിധ സ്ഥാപനങ്ങളിലെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. പങ്കാളിത്താധിഷ്ഠിത പ്രാദേശിക പരിസര ശുചിത്വ പദ്ധതിയിലൂടെ സ്ഥാപിച്ചെടുക്കുകയും വയനാട്ടിലെയും മറ്റു ജില്ലകളിലെയും സമാന സമിതികൾക്ക് മാതൃകയാവുകയും ചെയ്യുക എന്നതാണ് ഈ സദ്സംരംഭത്തിന്റെ ആത്യന്തിക ലക്ഷ്യം.

**നാഷണൽ കമ്മ്യൂണിറ്റി റേഡിയോ അവാർഡ് കമ്മിറ്റി**

കമ്മ്യൂണിറ്റി റേഡിയോയുടെ 5-ാമത് നാഷണൽ അവാർഡ് നിർണ്ണയ കമ്മിറ്റിയിലെ ജൂറി മെമ്പറായി അഡ്വ. ഫാ. തോമസ് ജോസഫ് തേരകത്തിനെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം തെരഞ്ഞെടുത്തു.

**തത്സമയ ഫോൺ ഇൻ പ്രോഗ്രാം**

പരീക്ഷയെ പേടിവേണ്ട എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പ്രോഗ്രാം നടത്തി. പരീക്ഷയും പഠനവും മാനസിക പ്രശ്നങ്ങളും സംബന്ധിച്ച സംശയങ്ങൾക്കും ചോദ്യങ്ങൾക്കും എഡ്യുക്കേഷണൽ സൈക്കോളജിസ്റ്റ് ഡോ. ഫാ. ജോജൻ ജോസഫ് CST, സൈക്കോളജിക്കൽ കൗൺസിലറായ സി. മേരി ജോർജ്ജ് SKD എന്നിവർ മറുപടി

നൽകി. വാളാട് ഗവ. ഹൈസ്കൂൾ അദ്ധ്യാപകൻ ശ്രീ. റോജസ് മാർട്ടിൻ മോഡറേറ്ററായിരുന്നു.

**പാനൽ ചർച്ച**

പൊതുപരീക്ഷക്ക് ഒരുങ്ങുമ്പോൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. കണിയാരം ടി.ടി.ഐ.യിൽ നിന്നും വിരമിച്ച പ്രൊഫ. പി.സി. മാത്യു മോഡറേറ്ററായിരുന്നു. എഡ്യുക്കേഷണൽ സൈക്കോളജിസ്റ്റ് ഡോ. ഫാ. ജോജൻ ജോസഫ് സി.എസ്.ടി., സെന്റ് കാതറിൻസ് ഹയർസെക്കണ്ടറി സ്കൂളിൽ നിന്നും വിരമിച്ച ശ്രീമതി മരിയ പൗളിൻ, മാനന്തവാടി ഗവ. ഹൈസ്കൂളിലെ SCERT സ്റ്റേറ്റ് റിസോഴ്സ് പേഴ്സണായ ശ്രീ. ജോസ് മാത്യു എന്നിവർ പങ്കെടുത്തു.

**താങ്ങും തണലും**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകൾക്കു വേണ്ടി റേഡിയോ മാറ്റൊലി നിർമ്മിക്കുന്ന സാമ്പത്തിക സാക്ഷരതാ പരിപാടിയായ താങ്ങും തണലും പ്രക്ഷേപണം തുടങ്ങി. കേരളത്തിലെ 7 കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകളിലാണ് ഈ പരിപാടി പ്രക്ഷേപണം ചെയ്യുക. റേഡിയോ മാറ്റൊലിയിൽ ബുധനാഴ്ചകളിൽ വൈകിട്ട് 8.50 നും വ്യാഴാഴ്ചകളിൽ രാവിലെ 7.00 മണിക്കും താങ്ങും തണലും കേൾക്കാം.

**വനിതാ ദിനം**

അന്തർദേശീയ വനിതാദിനാചരണം റേഡിയോ മാറ്റൊലിയിൽ ആചരിച്ചു. എല്ലാവരും വനിതാദിന തുല്യതാ പ്രതിജ്ഞ എടുത്തു. വനിതാമാറ്റൊലി പ്രോഗ്രാം കോർഡിനേറ്റർ സി. പെറ്റി തേരേസ് നേതൃത്വം നൽകി.

**റേഡിയോ സന്ദർശനം**

തമിഴ്നാട്ടിലുള്ള റേഡിയോ കോത്തഗിരിയിൽ നിന്നും റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങൾ പഠിക്കുന്നതിനും മനസ്സിലാക്കുന്ന തിനുമായി അഭിലാഷ്, ഭഗത് എന്നിവർ രണ്ടു ദിവസത്തെ സന്ദർശനത്തിനായി വന്നു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**കെ.സി.ബി.സി. മീഡിയാ കമ്മീഷൻ ഡയറക്ടേഴ്സ് മീറ്റിംഗ്**

കെ.സി.ബി.സി. മീഡിയാ കമ്മീഷൻ മലയാളം കാത്തലിക്ക് മീഡിയ പോർട്ടലിനെക്കുറിച്ച് ആലോചിക്കാൻ 4-2-2016 -ൽ മീഡിയ ഡയറക്ടർമാരുടെയും ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്തു. എല്ലാ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നത് വളരെ നല്ല ആശയമാണെന്നും ആയതിനാവശ്യമായ കാര്യങ്ങൾ പര്യാലോചിക്കുകയും ചെയ്തു.

കെ.സി.ബി.സി. മാധ്യമ കമ്മീഷൻ നേതൃത്വം കൊടുക്കുന്ന ഈ കർമ്മപരിപാടിക്ക് ഫാ. ജോളി വടക്കൻ കൺവീനറായും ശ്രീ. ചാക്കോച്ചൻ ഞാവള്ളിൽ കോ-ഓഡിനേറ്ററായും ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. Regional Co-ordinator ആയി മലബാർ റീജിയനിൽനിന്നും ഫാ. ബാബു മാപ്ലശേരി, തൃശൂർ റീജിയണിൽ നിന്നും ഫാ. ജിയോ കടവി, എറണാകുളം റീജിയണിൽ നിന്നും ഫാ. ആന്റണി വിബിൻ, തിരുവനന്തപുരം റീജിയണിൽ നിന്നും ഫാ. ബോവാസ് മാത്യു എന്നിവരെ തിരഞ്ഞെടുത്തു.

റീജിയൺ തലത്തിൽ ഡയറക്ടർമാരുടെയും പ്രസാധകരുടെയും മീറ്റിംഗ് ഉടനെതന്നെ വിളിച്ചുചേർക്കാൻ തീരുമാനിച്ചു. മലയാളം കാത്തലിക്ക് മീഡിയ പോർട്ടൽ എന്ന ആശയം കൂടുതൽ വ്യക്തമാക്കുന്ന ഒരു ലോഗോയും ഉചിതമായ പേരും കണ്ടെത്താൻ മത്സരം നടത്താനും തീരുമാനിച്ചു. കെ.സി.ബി.സി. രൂപതാ മീഡിയാകമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോളി വടക്കൻ അദ്ധ്യക്ഷത വഹിച്ചു.

**മീഡിയാ കമ്മീഷൻ വിശുദ്ധവാരം-2016**

അമ്പതു നോമ്പിനോടനുബന്ധിച്ച് ഓശാന ഞായറാഴ്ച മുതൽ ഉയിർപ്പു ഞായർ വരെ പ്രമുഖ കേബിൾ ചാനലുകളിൽ മീഡിയാ കമ്മീഷൻ നിർമ്മിച്ച വിശുദ്ധവാരം-2016 പ്രോഗ്രാം പ്രക്ഷേപണം ചെയ്തു. സാങ്കേതിക സഹകരണം നൽകിയ ജോബി, ഫാ. മനോജ് കാക്കോനാൽ, ഫാ. ജോസ് കാവുങ്കൽ എന്നിവർക്കും പ്രോഗ്രാമിൽ സഹകരിച്ച അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ്, ഫാ. ജോഷി മഞ്ഞക്കുന്നേൽ, ഫാ. സോണി വാഴക്കാട്ട്, ഫാ. ജോജോ ചങ്ങനാംതുണ്ടം, സിസ്റ്റർ ക്രിസ്റ്റീന SCV, ജോസ് പള്ളത്ത്, ഫാ. സിബിച്ചൻ ചേലക്കപ്പള്ളി, ക്രിസ്തുദാസി, കർമ്മലീത്താ സിസ്റ്റേഴ്സ്, റ്റെസ്ലി കോലഞ്ചേരി, ആൻ നിയ കച്ചിറയിൽ, മെറിൻ ജയിംസ് വട്ടക്കുന്നേൽ എന്നിവർക്ക് പ്രത്യേകം നന്ദി.

**കെ.സി.ബി.സി. സോഷ്യൽ ഹാർമ്മണി & വിജിലൻസ് കമ്മീഷൻ കോഴിക്കോട് മേഖലാ സമ്മേളനം.**

കെ.സി.ബി.സി. ഐക്യ ജാഗ്രതാ കമ്മീഷന്റെ കോഴിക്കോട് മേഖലാ

സമ്മേളനം 18-02-16 ന് തലശ്ശേരി സന്ദേശഭവനിൽ നടന്നു.  സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അസഹിഷ്ണതയ്ക്കും, അവഗണനയ്ക്കും, വിഭാഗീയ തയ്ക്കും എതിരെ ദൈവാശ്രയ ബോധത്തോടെ മനുഷ്യ സ്നേഹികളായ എല്ലാവരും പ്രത്യേകിച്ച് ക്രൈസ്തവ സമൂഹം ജാഗ്രത പുലർത്തേണ്ടതു ണ്ടെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് ആർച്ച് ബിഷപ് ജോർജ് ഞരളക്കാട്ട് പിതാവ് ഓർമ്മിപ്പിച്ചു.  ഐക്യ ജാഗ്രതാ കമ്മീഷൻ സെക്രട്ടറി റവ. ഫാ. സാജു കുത്തോടിപുത്തൻപുരയിൽ അദ്ധ്യക്ഷത വഹിച്ചു.  ഫാ. ജോസഫ് പാംബ്ലാനി, ഫാ. ബാബു മാപ്ലശേരി, ഫാ. ജോർജ് കുടിലിൽ, ഫാ. ടോണി കോഴിമണ്ണിൽ, സിസ്റ്റർ ക്രിസ്റ്റീന, സിജോ അമ്പാട്ട്, മനോജ് കണ്ടത്തിൽ, തോമസ് ഏറനാട്ട്, ജോസ് താഴത്തേൽ തുടങ്ങിയവർ പ്രസംഗിച്ചു.  ഐക്യ ജാഗ്രതാ കമ്മീഷന്റെ രൂപതാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുവാനും സഭയുടെ എല്ലാ പ്രവർത്തന ങ്ങൾക്കും ബൗദ്ധിക വൈജ്ഞാനിക പിന്തുണയായി ഐക്യ ജാഗ്രതാ കമ്മീഷൻ പ്രവർത്തിക്കു വാനും തീരുമാനിച്ചു.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയാ കമ്മീഷൻ

---

## MARY MATHA ARTS & SCIENCE COLLEGE

An Orientation Programme was conducted by ASAP (Additional Skill Acquisition Programme) on Skill Development for the outgoing students on 26 Feb 2016. It was followed by a recruitment process on 1 March 2016 in which 10 students got selected to undergo training as Communicative English Instructors during the vacation. A Health Awareness programme for the girl students was conducted in connection with the International Women’s Day on 8 March 2016 in which Dr Asha Devi, the DMO, gave a talk. WWS (Walk with a Scholar), a new initiative under ASAP, organized a motivational visit to 3 premier national institutions in Bangalore namely IIM, IISc, and ISEC. The group consisting of 30 students and 3 teachers was led by Mr Sabu OJ, the WWS Coordinator. The college vacation starts on 31 March 2016 and the University Exams begin simultaneously.

**Dr. Savio James V**
Principal

**K C F**

കേരള കാത്തലിക് ഫെഡറേഷന്റെ നേതൃത്വത്തിൽ 2016 ഫെബ്രുവരി 5, 6, 7 തീയതികളിൽ P. O. C യിൽ വച്ച് നടന്ന കേരള വികസനം എന്ന വിഷയത്തെ ആസ്പദമാക്കി "കേരള പഠന ശിബിരം" ക്യാമ്പിൽ നമ്മുടെ രൂപതയിൽ നിന്നും AKCC യുടെ പ്രതിനിധികൾ ജോയി പുളിക്കൽ, ടോമി വടക്കുംഞ്ചേരി എന്നിവർ പങ്കെടുത്തു. കേരളത്തിന്റെ വികസന പ്രക്രിയയിൽ പ്രശ്നങ്ങൾ, അപാകതകൾ, അശാസ്ത്രീയതകൾ തുടങ്ങിയ വിഷയങ്ങൾ ക്യാമ്പിൽ വിശകലനം ചെയ്തു.

**സ്റ്റഡി ക്ലാസ്സുകൾ**

2016 ഫെബ്രുവരി 20 ന് ദ്വാരകയിൽ വച്ച് നടത്തുവാൻ ഒരുങ്ങുന്ന രൂപതയുടെ മഹാസംഗമത്തിന് ഒരുക്കമായി തോണിച്ചാൽ, നടവയൽ, തവിഞ്ഞാൽ, ദ്വാരക, വഞ്ഞോട്, കാട്ടിക്കുളം, എടയൂർകുന്ന് - ഇടവകകളിൽ ഞായറാഴ്ച വി. കുർബാനയും, ക്ലാസ്സുകളും നടത്തി. ബഹു. വികാരി അച്ചന്മാരുടെ പ്രത്യേക സഹകരണവും, താൽപര്യവുമാണ് ക്ലാസ്സുകൾ വിജയിപ്പിച്ചത് നന്ദി.

**മഹാസംഗമത്തിന്റെ സബ്കമ്മിറ്റി കൺവീനർമാർ**

| | | |
|---|---|---|
| സ്വാഗത കമ്മിറ്റി | - | റവ. ഫാ. സജി നെടുങ്കല്ലേൽ |
| | | ശ്രീ. സ്റ്റീഫൻ പൂങ്കുടി |
| പബ്ലിസിറ്റി | - | റവ. ഫാ. സുനിൽ വട്ടുകുന്നേൽ |
| | | ശ്രീ. സി. ടി. ജോയി |
| ഭക്ഷണം | - | റവ. ഫാ. ജോഷി പെരിയപ്പുറം |
| | | ശ്രീ. തോമസ് വൻമേലിൽ |
| ലോ & ഓർഡർ | - | റവ. ഫാ. തോമസ് ജോസഫ് തേരകം |
| | | ശ്രീ. ബിജു മരോട്ടിൽമൂട്ടിൽ |
| ലൈറ്റ് & സൗണ്ട് | - | റവ. ഫാ. മനോജ് കാക്കോനാൽ |
| | | ശ്രീ. ചാക്കോച്ചൻ ചെറുപ്ലാവിൽ |
| സ്റ്റേജ് | - | റവ. ഫാ. റോയി വട്ടക്കാട്ട് |
| | | ശ്രീ. ജോയി പുളിക്കൽ |
| സാമ്പത്തികം | - | റവ. ഫാ. ചാണ്ടി പുനക്കാട്ട് |
| കമന്ററി | - | റവ. ഫാ. ബാബു മാപ്ലശ്ശേരി |

വളരെ ജാഗ്രതയിൽ, ത്യാഗബുദ്ധിയിൽ, അഹോരാത്രം സംഗമ വിജയത്തിനുവേണ്ടി അദ്ധ്വാനിച്ച സബ് കമ്മിറ്റി അംഗങ്ങൾക്ക് നന്ദി.

**മഹാസംഗമം ഒരു വൻവിജയം**

വളരെയേറെ പേരുടെ നിർലോഭമായ സഹകരണവും കഠിനാദ്ധ്വാനവും, പ്രാർത്ഥനയും മഹാസംഗമത്തിന് നിറച്ചാർത്ത് നല്കി. A K C C രൂപതാ എക്സിക്യൂട്ടീവ്, മേഖലാ എക്സിക്യൂട്ടീവ്, യൂണിറ്റ് ഭാരവാഹികൾ, വിവിധ സംഘടനകളുടെ പ്രവർത്തകർ, AKCC യുടെ ജനറൽ ബോഡി അംഗങ്ങൾ, മാനന്തവാടിയിലെ പോലീസ് ഉദ്യോഗസ്ഥർ, സെന്റ് ജോസഫ്സ്

ആശുപത്രിയിലെ ആംബുലൻസ് ഡിപ്പാർട്ട്മെന്റ്, ഡയറക്ടർ റവ. ഫാ. മനോജ് കവലക്കാടൻ തുടങ്ങി ധാരാളം പേർ. എല്ലാവർക്കും നന്ദി. ഏതാനും പേരുകൾ എടുത്തു പറയാതെ വയ്യ.

**അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ്**

സാമാന്യേന ദുർബലമായിരുന്ന രൂപതയിലെ A K C C പ്രസ്ഥാനം ശക്തിപ്പെടുത്തിയത് അഭിവന്ദ്യ പിതാവാണ്. എല്ലാ വികാരി അച്ചന്മാർക്കും കത്തുകൾ അയച്ച് AKCC യുടെ യൂണിറ്റുകൾ ആരംഭിക്കുവാൻ അഹ്വാനം ചെയ്തു, കൂരിയ മീറ്റിംങ്ങുകൾ, പ്രസ്ബിറ്ററൽകൗൺസിൽ മീറ്റിംഗ്, വൈദിക സമ്മേളനം, പാസ്റ്ററൽ കൗൺസിൽ എന്നിവയൊക്കെ വിളിച്ചുചേർത്തും 'മഹാസമ്മേളന'ത്തിന് ഊർജ്ജം പകർന്നു. മേജർ ആർച്ച് ബിഷപ് അഭിവന്ദ്യ മാർ ആലഞ്ചേരി പിതാവിനേയും, AKCC ബിഷപ്പ് ലഗേറ്റ് മാർ റമിജിയോസ് ഇഞ്ചനാനിയിൽ പിതാവിനേയും മഹാസമ്മേളനത്തിന് നേരിൽ ക്ഷണിച്ച് തീയതി നിശ്ചയിച്ച് തന്നതും എല്ലാം A K C C സംഘടന നന്ദിയോടെ അനുസ്മരിക്കുന്നു.

**ബഹു. വൈദികരും - സന്യസ്തരും**

ഒരു രൂപതയുടെ ഏത് പ്രസ്ഥാനത്തിന്റേയും വിജയം പ്രധാനമായും ബഹു. വൈദികരുടെ സഹകരണത്തിലാണല്ലോ. A K C C യുടെ യൂണിറ്റുകൾ സ്ഥാപിച്ചും, ഭാരവാഹികളെ തിരഞ്ഞെടുത്തും, മഹാസമ്മേളനത്തിന് പള്ളികളിൽ പ്രസംഗത്തിലൂടെ ഇടവക ജനത്തെ ബോധവൽക്കരിച്ചും നോട്ടീസുകൾ വിതരണം ചെയ്യിച്ചും, ബാനറുകളും, കട്ട്ഔട്ടുകൾ സ്ഥാപിച്ചും, സമ്മേളനചിലവിനുള്ള കളക്ഷൻ സ്വരൂപിച്ചും, പാസ്റ്ററൽ സെന്ററിലേക്ക് വിശ്വാസികളെ 20-ാം തീയതി കൂട്ടിക്കൊണ്ടുവന്നും സഹകരിച്ച സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാർക്ക് പ്രത്യേകം നന്ദി. രൂപതയിലെ എല്ലാ സന്യാസി സന്യാസ ഭവനങ്ങളിൽ നിന്നും വലിയ സഹകരണവും, സാന്നിധ്യവും ലഭിച്ചത് നന്ദിയോടെ ഓർക്കുന്നു.

**രൂപത-മേഖല-ശാഖാ എക്സിക്യൂട്ടീവ്-ഫൊറോന വികാരിമാർ**

രൂപതാ ഭാരവാഹികളും, മേഖലാ-ശാഖാ ഭാരവാഹികളും, ബഹു. ഫൊറോന വികാരി അച്ചന്മാരും, അഭ്യുദയകാംക്ഷികളും നമ്മുടെ രൂപതയുടെ വലിയ സംരംഭമായ മഹാസമ്മേളത്തിന്റ വിജയത്തിനായി അഹോരാത്രം അദ്ധ്വാനിച്ചു. എല്ലാവർക്കും നന്ദി.

**പാസ്റ്ററൽ സെന്റർ**

പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചനും. വിവിധ സംഘടനാ ഡയറക്ടർ അച്ചന്മാരും, സിയോൻ ധ്യാന സെന്റർ ഡയറക്ടർ ബഹു. ബാബു മൂത്തേടത്തച്ചനും, ടീം മുഴുവനും ചെയ്തു തന്ന എല്ലാ സഹായസഹകരണങ്ങളും നന്ദിയോടെ അനുസ്മരിക്കുന്നു.

**റേഡിയോ മാറ്റൊലി**

മഹാസംഗമത്തിന് റേഡിയോ മാറ്റൊലി വലിയ സഹായമായിരുന്നു. ഫോട്ടോകൾ എടുത്തും, വാർത്തകൾ നല്കിയും മറ്റും ചെയ്തു തന്ന സേവനങ്ങൾ കൃതജ്ഞതയോടെ അനുസ്മരിക്കട്ടെ.

**എക്സിക്യൂട്ടീവ് കമ്മിറ്റി**

മഹാസംഗമം കഴിഞ്ഞ് 28-02-16 ന് എക്സിക്യൂട്ടീവ് കൂടി സംഗമ

കാര്യങ്ങൾ വിലയിരുത്തി. തുടർന്നുള്ള പ്രവർത്തനങ്ങളുടെ കരട് രേഖകൾ തയ്യാറാക്കി. A K C C യുടെ പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ തീരുമാനിച്ചു.

**പനമരം ഇടവകയിൽ വനിതകൾക്കായി സെമിനാർ**

പനമരം ഇടവകയിലെ വനിതകളുടെ കൂട്ടായ്മ നടത്തി. നമ്മുടെ സമുദായത്തിന്റെ കൂട്ടായ്മയുടെ ആവശ്യകതയും, അതിൽ വനിതകളുടെ ശാക്തീകരണവും, കുടുംബത്തിന്റെ ഭദ്രതയും കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ നടന്നു. ഇടവക വികാരി ബഹു. ചക്കിട്ടുകുടി അച്ചനെ നന്ദിയോടെ ഓർക്കുന്നു.

**ഫാ. ചാണ്ടി പുനക്കാട്ട്**
ഡയറക്ടർ, എ.കെ.സി.സി.

---



# അറിയിപ്പുകൾ

**1) സാൻജോ മെലഡി ക്രിയേഷൻസ് അവതരിപ്പിക്കുന്നു..... ക്രിസ്ത്യൻ ഭക്തിഗാനങ്ങൾ, വിണ്ണിൻ കവാടം**

ഫാ. ജോസ് തയ്യിൽ ദൈവത്തിന്റെ കരുണയെ ആഘോഷിക്കുവാനായി ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ച അസാധാരണമായ ഈ ജൂബിലിവർഷത്തിൽ സാൻജോ മെലഡി ക്രിയേഷൻസ് അവതരിപ്പിക്കുന്നു **വിണ്ണിൻകവാടം.** ബഹു. ജോസ് തയ്യിലച്ചന്റെ വരികൾക്ക് ശ്രീ. ജേക്കബ് ഫ്രാൻസീസ് ഈണം പകർന്നിരിക്കുന്നു. പ്രശസ്തരായ ഏഴോളം ഗായകർ ഈ ആൽബത്തിൽ പാടിയിരിക്കുന്നു. സാൻജോ മെലഡി ക്രിയേഷൻസിന്റെ മറ്റ് ഭക്തിഗാന ആൽബങ്ങൾ: നിന്റെ വരവിനായി, ഒരു സ്നേഹബലിയായി, ഹൃദയതുടിപ്പുകൾ, നിന്റെ ബലിവേദിയിൽ, ഹൃദയത്തിൻ തൂവാല. സിഡികൾ മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിലും ദ്വാരക പാസ്റ്ററൽ സെന്ററിൽ ഉള്ള ജൂബിലി ബുക്കുസ്റ്റാളിലും ലഭ്യമാണ്.

FR. JOS THAYIL, PARISH PRIEST, ST. THOMAS CATHOLIC CHURCH,
VASHIST PARK, D2/15A, JANAKPURI, NEW DELHI -45
TEL: 011-25392900, MOB: 09446254227 / 09560391632

• • • •

**2) മികച്ച ഇടവകക്കുള്ള ഫാ. ജോബ് മൈലാടിയിൽ എക്സലൻസ് അവാർഡ്**

1933 ആഗസ്റ്റ് 17-ന് ജനിച്ച റവ.ഫാ. ജോബ് മൈലാടിയിൽ സി.എം.ഐ. 1963 ൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും ഗുരുപ്പട്ടം സ്വീകരിച്ചതു മുതൽ അജപാലന രംഗത്ത് ഏറെ പ്രശംസനീയമായ സേവനം കാഴ്ചവെച്ച് 2016 ജനുവരി 6 ന് സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് യാത്രയായി. ഊട്ടി രൂപതയിലെ ഗൂഡല്ലൂർ സെന്റ് മേരീസ് ദേവാലയം, സത്യമംഗലത്തുള്ള ഗുൺട്രി, കോഴിക്കോട് അമലാപുരി (1972-79, 2002-2005), മേരിക്കുന്ന് സെന്റ് തോമസ് മൗണ്ട് (ഇന്നത്തെ പാറോപ്പടി

ഇടവക), തളിപ്പറമ്പ് പുഷ്പഗിരി (ആദ്യവികാരി) എന്നിവിടങ്ങളിൽ സേവനം ചെയ്തു. ഇന്ന് കാണുന്ന അമലാപുരി പള്ളി പണിയിച്ചത് ബഹു. ജോബച്ചനാണ്. റോമിലും ന്യൂയോർക്കിലും ഉപരിപഠനം നടത്തി. സീറോമലബാർ സഭയുടെ കേരളത്തിന് പുറത്തുള്ള ആദ്യത്തെ വികാരിയായി (1984-1993) നിയമിതനായ ജോബച്ചന്റെ അജപാലനമികവിന്റെ പ്രതീകമാണ് ബാംഗ്ലൂർ ധർമ്മാരാം കേന്ദ്രീകരിച്ചുള്ള സെന്റ് തോമസ് ഇടവക. 1993-ൽ എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ ഡയറക്ടറായി സേവനം ചെയ്ത അദ്ദേഹം കോഴിക്കോട് അമലാപുരി ചാവറ കൾച്ചറൽ സെന്ററിന്റെ സ്ഥാപക ഡയറക്ടറും (1997-2000) ആയിരുന്നു. ദീപിക പത്രത്തിന്റെ കോഴിക്കോട് റീജ്യണൽ മാനേജരായും അദ്ദേഹം പ്രവർത്തിച്ചിരുന്നു.

അജപാലനരംഗത്ത് തിളക്കമാർന്ന പ്രവർത്തനം കാഴ്ചവെച്ച ജോബ് മൈലാടിയിലച്ചന്റെ ഓർമ്മ നിലനിറുത്തുവാനും തനിമയാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന അജപാലകരെയും ഇടവകയെയും അഭിനന്ദിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമാണ് ഈ എക്സലൻസ് അവാർഡ് രൂപീകരിച്ചിട്ടുള്ളത്. അഭിവന്ദ്യ പിതാക്കന്മാരുടെ അനുഗ്രഹവും പ്രോത്സാഹനവും നിർദ്ദേശങ്ങളും സ്വീകരിച്ച് കൊണ്ട് ബാംഗ്ലൂർ സെന്റ് തോമസ് ഫൊറോനയും, അമലാപുരി സെന്റ് തോമസ് ദേവാലയവും, കോഴിക്കോട് ചാവറ കൾച്ചറൽ സെന്ററും സംയുക്തമായാണ് പ്രതിവർഷം ഈ അവാർഡ് നൽകുന്നതിനുവേണ്ട എൻഡോവ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്.

താമരശ്ശേരി, കോഴിക്കോട്, ബത്തേരി, മാനന്തവാടി, തലശ്ശേരി, മണ്ഡ്യ രൂപതകളിൽ നിന്നുള്ള ഏറ്റവും മികച്ച രണ്ട് ഇടവകകൾക്കാണ് അവാർഡ് നൽകുന്നത്. ഈ വർഷം, 2016 ജനുവരി 1 മുതൽ 2016 ഡിസംബർ 15 വരെയുള്ള പ്രവർത്തനങ്ങളാണ് വിലയിരുത്തുന്നത്.

**ഒന്നാംസമ്മാനം**

ഇടവകയ്ക്ക് - 1,00,001 രൂപയും ട്രോഫിയും.

വികാരിയച്ചന് - സിംഗപ്പൂർ ടൂർപാക്കേജ് (4 ദിവസം)

**രണ്ടാം സമ്മാനം**

ഇടവകയ്ക്ക് - 25,001 രൂപയും, ട്രോഫിയും

**അവാർഡിനുള്ള മാനദണ്ഡങ്ങൾ**

1) ഇടവകപങ്കാളിത്തം, 2) സാമൂഹ്യക്ഷേമം, 3) മതേതരത്വ പ്രവർത്തനങ്ങൾ, 4) നൂതനമായ അജപാലന ഇടപെടലുകൾ, 5) ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ ആനുപാതികമായ സംലഭ്യത ഇടവകയിൽ, 6) മറ്റ് തനിമയാർന്ന പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് പ്രഗത്ഭരായ വ്യക്തികളടങ്ങിയ വിധികർത്താക്കളുടെ പാനൽ അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുക.

**അവാർഡിനുള്ള അർഹതക്കായി ഇടവകകൾ 2016 ജൂൺ 15 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.**

രജിസ്റ്റർ ചെയ്യുന്ന ഇടവകകൾക്ക് അവാർഡിനായി സമർപ്പിക്കുവാനുള്ള പ്രവർത്തന റിപ്പോർട്ടിന്റെ രൂപരേഖ അയച്ചുതരുന്നതാണ്.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും:- ഫാ. ജോർജ്ജ് പുഞ്ചായിൽ സി.എം.ഐ., വികാരി, സെന്റ് തോമസ് ചർച്ച്, അമലാപുരി & ഡയറക്ടർ, ചാവറ കൾച്ചറൽ സെന്റർ,

Mobile: 9447795450, gpunchayil@gmail.com

# Pastoral Centre Programme



**April 2016**

| | |
|---|---|
| 2 | Zion |
| 3-6 | Marriage Preparation course |
| 8 | KCYM Syndicate |
| 9 | SMMA Executive |
| 10-14 | Zion Retreat |
| 14-15 | Catechism Paper Valuation |
| 15 | Youth Ministry Meeting |
| 16 | Mathruvedi Roopatha Kalamalsaram |
| 17-20 | Marian Singles Retreat |
| 22-25 | Marriage Preparation course |
| 26 | Women's Commission Meeting |
| 26-29 | Zion Retreat (Choir) |
| 30 | CML Managing Cmty & Election |

**Fr. Mathew Periappuram**
Director, Pastoral Centre



# Bishop's Programme

***April 2016***

| | | |
|---|---|---|
| *1* | *Fri ....................* | *Out of Station* |
| *3* | *Sun .................* | *Moolankavu: First Communion* |
| *4* | *Mon Morning....* | *Blessing of the New Block of Deepthi Bhavan* |
| | *Evening......* | *Bishop's House, Golden Jubilee of Priests* |
| *5* | *Tue ....................* | *Sisumala: Blessing of the newly constructed church* |
| *6* | *Wed ...................* | *Cathedral : Death Anniversary of Mar Emmanuel Pothanamuzhy* |
| *6* | *Wed 7 Thu .........* | *Mananthavady: KLM Directors' Meet* |
| *8* | *Fri .................* | *Out of Station* |
| *9* | *Sat .................* | *Nadavayal : Jubilee of CMC Sisters* |
| *10* | *Sun ................* | *Kelakam: Anniversary of the Parish* |
| *11* | *Mon Morning....* | *Kurumbalakotta: Ordination of Dn. Jineesh Karakada M.S* |
| | *Afternoon ........* | *Boy's Town: Campus Ministry* |
| *12* | *Tue Morning ....* | *Parathottam: Ordination of Dn. Anoop Chakkittakudy MS* |
| *13* | *Wed Morning ....* | *Ottaplavu: Ordination of Robin Vayalil MS* |
| | *Afternoon .........* | *Vazhavatta: Inauguration of Bible Convention* |
| *14* | *Thu 15 Fri ........* | *Out of Station* |
| *16* | *Sat .................* | *Norbert House: Junior Priests' Meet* |
| *17* | *Sun ................* | *Seethamount: First Communion* |
| *18* | *Mon ................* | *Visitors' Day* |

| | | |
|---|---|---|
| *19* | *Tue ..................* | *Dwaraka: Vestition and Profession of SABS Novices* |
| *20* | *Wed .................* | *Thonichal : Final Profession & Silver Jubilee of SKD Sisters* |
| *21* | *Thu ..................* | *Tellichery* |
| *22* | *Fri ...................* | *Out of Station* |
| *23* | *Sat Morning......* | *Padamala: First Communion* |
| | *Afternoon .........* | *Dwaraka: EIKON Children's Annual Meet* |
| *24* | *Sun Morning.....* | *Pazhoor: First Communion* |
| | *Afternoon .........* | *Theneri: Blessing of Sunday School* |
| *25* | *Mon 28 Thu .....* | *Major Seminarians' Gathering* |
| *27* | *Wed .................* | *Kayyunni: Blessing of the newly constructed church* |
| *29* | *Fri ...................* | *Out of Station* |
| *30* | *Sat Morning......* | *Ambayathode: First Communion* |
| | *Afternoon ..........* | *Manjoora: Blessing of the Presbytery* |

***May 2016***

| | | |
|---|---|---|
| *1* | *Sun Morning.....* | *Poroor: First Communion* |
| *2* | *Mon ...............* | *Pulpally: First Communion* |
| *3* | *Tue ..................* | *Diocesan Day* |
| *4* | *Wed ................* | *Kalluvayal: Blessing of the newly constructed church* |
| *5* | *Thu .................* | *Dwaraka: Vestition and Profession of SH Novices* |
| *6* | *Fri ...................* | *Out of Station* |
| *7* | *Sat Morning .....* | *Dwaraka: First Communion* |
| | *Afternoon ........* | *Panamchira: First Communion* |
| *8* | *Sun ..................* | *Valiyakolly: Pastoral Visit* |
| *9* | *Mon Morning....* | *Engaged* |
| | *Afternoon .........* | *SH Superiors' Meet* |
| *10* | *Tue ..................* | *Minor Seminary: Interview* |
| *11* | *Wed .................* | *Minor Seminary: Vestition of Major Seminarians* |
| *12* | *Thu .................* | *Engaged* |
| | *Afternoon .........* | *Teachers' Convention* |

| | |
|---|---|
| *13 Fri 14 Sat .........* | *Out of Station* |
| *15 Sun .................* | *Adackathode: Blessing of Sunday School* |
| *16 Mon ................* | *Assembly Election* |
| *17 Tue Morning .....* | *Peravoor* |
| *Afternoon .........* | *Calicut: Regional Bishops' Meet* |
| *18 Wed Morning....* | *Calicut Regional Bishop's Meet* |
| *Evening ...........* | *Silver Jubilee of Priests* |
| *19 Thu ..................* | *Cathedral: Blessing of the newly constructed church* |
| *20 Fri ..................* | *Out of Station* |
| *21 Sat ..................* | *Dwaraka: HM & PP Conference* |
| *Afternoon .........* | *Valavayal: Jubilee of Sisters* |
| *22 Sun Morning ....* | *Prasanthagiri: First Communion* |
| *Afternoon .........* | *Alattil: Jubilee* |
| *23 Sun ................* | *Out of Station* |
| *24 Tue ..................* | *Vellamunda : Jubilee* |
| *25 Wed .................* | *Marakadavu: Ordination of Dn. Jitheesh Thottathil PSDP* |
| *26 Thu ..................* | *WSSS General Body* |
| *27 Fri ..................* | *Out of Station* |
| *28 Sat ..................* | *Kayyakunnu: La Salette Chapel Blessing* |
| *29 Sun ...................* | *USA* |